# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഏപ്രിൽ 18 | ദീപം 57 | നാളം 6 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org




# ഇന്ത്യയെ നേടാൻ ഇന്ത്യാസഖ്യത്തിനാവുമോ?




അനിൽ ജെ. തയ്യിൽ


ആശയങ്ങളെ ആശയങ്ങൾകൊണ്ടു നേരിടാനുള്ള ആശയസംഹിതകളില്ലാത്ത ഒരു പാർട്ടി ഭരിക്കുന്ന ആധുനിക ഇന്ത്യയിൽ ആശയപോരാട്ടങ്ങൾക്കപ്പുറം രാഷ്ട്രീയശത്രുതയുടെയും അതു വ്യക്തിനിഷ്ഠമായി മാറുന്ന നിർമാർജനരാഷ്ട്രീയത്തിന്റെയും പകിടകളിക്കാണ് നിർഭാഗ്യവശാൽ നാം സാക്ഷികളാവുന്നത്. 37.36 ശതമാനം മാത്രം വോട്ടുപ്രാതിനിധ്യമുള്ള ബിജെപി എന്ന രാഷ്ട്രീയപ്പാർട്ടിയുടെ നയരൂപീകരണത്തിന് ഇരകളാണ് ബാക്കി ബഹുഭൂരിപക്ഷം വരുന്ന ഇന്ത്യാക്കാരും എന്നതു ദയനീയസ്ഥിതിതന്നെയാണ്. അതുതന്നെയാണ്, പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ ഗാന്ധിജിയുടെ ഫോട്ടോയ്ക്കൊപ്പം ഗാന്ധിവധത്തിലെ ആറാം പ്രതിയായ സവർക്കറിന്റെ ഫോട്ടോ സ്ഥാപിച്ചതിലൂടെ നാം മനസ്സിലാക്കേണ്ട ദുരന്തവും. 400 എന്ന മാന്ത്രികസംഖ്യയിലേക്കുള്ള ആർത്തിനിറഞ്ഞ ഓട്ടത്തിൽ സമനില തെറ്റിയ ബിജെപിക്ക് അടിപതറുന്നുവോ? അഹങ്കാരക്കുതിപ്പിൽ ഉന്മാദിയായ മോദിക്കു കാലിടറിത്തുടങ്ങുന്നുവോ? എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിനെ (ഇഡി) ഉപയോഗിച്ചുള്ള വേട്ടയാടൽ പലയിടങ്ങളിലും ബിജെപിയുടെ പ്രതിച്ഛായയ്ക്കു മങ്ങലേല്പിച്ചുതുടങ്ങിയിട്ടുണ്ട്. ബിജെപിപാളയത്തിൽ അഭയം തേടുന്നവർ അതോടെ സംശുദ്ധരാകുന്ന 'വാഷിങ് പൗഡർ മാജിക്' എതിർകക്ഷികൾക്ക് ബിജെപി തങ്ങളെ അടിക്കാൻ കൊടുത്ത വടിയായി മാറിയെന്നതാണു വാസ്തവം. ഇലക്ടറൽ ബോണ്ട് നാടകത്തിലൂടെ ബിജെപി സൃഷ്ടിച്ച സംശുദ്ധിയുടെ പുകമറ സുപ്രീംകോടതിയുടെ ഇടപെടലോടെ ഇല്ലാതായി. 6500 കോടിയോളം രൂപ കുത്തകകളുടെ താത്പര്യസംരക്ഷണാർഥവും ഭീഷണിയിലൂടെയും ബിജെപി ബോണ്ടുവഴി നേടി എന്നത് അവരുടെ പ്രതിച്ഛായയ്ക്ക് ഒട്ടൊന്നുമല്ല മങ്ങലേല്പിച്ചിരിക്കുന്നത്. തിരഞ്ഞെടുപ്പിന്റെ ഈ വേളയിൽത്തന്നെ അരവിന്ദ് കേജ്രിവാളിനെ അഴിമതിയാരോപിച്ച് അഴിക്കുള്ളിലാക്കിയതും ബിജെപിക്കു വിപരീതഫലമാണു സമ്മാനിച്ചിരിക്കുന്നത്. ഡൽഹിയിലെ വിദ്യാസമ്പന്നരും കേജ്രിവാൾ ഭരണത്തിന്റെ സദ്ഫലങ്ങൾ ആസ്വദിക്കുന്നവരുമായ ഉപരിവർഗ - മധ്യവർഗ ഡൽഹി ജനതയുടെ തീരുമാനങ്ങൾ ബിജെപിക്ക് എതിരാകാനേ ഈ നീക്കംകൊണ്ടു സാധിക്കൂ. രണ്ടുവർഷമായി ഇ.ഡി അന്വേഷണം നടത്തുന്ന ഈ കേസിൽ കഴിഞ്ഞ ആറുമാസമായി ജയിലിലായിരുന്ന ആം ആദ്മി പാർട്ടി മുൻമന്ത്രി സഞ്ജയ് സിങ്ങിൽ ആരോപിച്ചിരുന്ന കുറ്റമനുസരിച്ച് ഒരു രൂപ പോലും കണ്ടെത്താൻ സാധിച്ചില്ല എന്ന കുറ്റപ്പെടുത്തലോടെ കോടതി ജയിൽമോചിതനാക്കിയതും, കേജ്രിവാളിന്റെ അറസ്റ്റിൽ ലോകരാജ്യങ്ങൾ ആശങ്ക രേഖപ്പെടുത്തിയതും ബിജെപിയുടെ വേട്ടയാടൽനയത്തിനു തിരിച്ചടിയായി.

ഉത്തരേന്ത്യൻസംസ്ഥാനങ്ങളിൽ നിലവിൽ മേൽക്കൈ ഉണ്ടെങ്കിലും കഴിഞ്ഞ തിരഞ്ഞെടുപ്പിൽ മുഴുവൻ സീറ്റുകളും കയ്യാളിയ ഹരിയാന, ബീഹാർ സംസ്ഥാനങ്ങളിൽ മുന്നണി പടലപിണക്കങ്ങൾ ഏറെയുണ്ട് എന്നത് അവരെ ആശങ്കാകുലരാക്കുന്നുണ്ട്. ഹരിയാനയിൽ സ്ഥാനാർഥിനിർണയംപോലും കീറാമുട്ടിയായിരുന്നു. ജാർഖണ്ഡും ഉത്തരാഖണ്ഡും വലിയ ചാഞ്ചാട്ടങ്ങളില്ലാതെ നിൽക്കുമ്പോൾ കഴിഞ്ഞതവണ തൂത്തുവാരിയ രാജസ്ഥാനിൽ അവസ്ഥ അത്രകണ്ടു ശുഭോദർക്കമല്ല. ശക്തിയാർജിച്ച വിമതശബ്ദങ്ങൾതന്നെ കാരണം. കോൺഗ്രസിൽനിന്നു ബിജെപിയിലേക്കു മലവെള്ളംപോലെ നേതാക്കളും അണികളും ഒഴുകുന്ന മധ്യപ്രദേശിലെ ആത്മവിശ്വാസം പക്ഷേ, പല വടക്കുകിഴക്കൻസംസ്ഥാനങ്ങളിലുമില്ല. ത്രിപുരയും അസ്സമും മാത്രമാണ് അപവാദം. മണിപ്പൂർപ്രശ്നം ഏറെ ചർച്ച ചെയ്യപ്പെട്ടത് കേരളമടക്കമുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാണ് എന്നതുകൊണ്ട് അത് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ ബിജെപിയെ ഏറെ ദോഷകരമായി ബാധിക്കുമെന്നും കരുതാനാവില്ല. ദക്ഷിണേന്ത്യയിൽ കർണാടകയിലല്ലാതെ മറ്റൊരിടത്തും ശക്തിയില്ലാത്ത ബിജെപിക്ക് പിന്നെ ആകെ സാന്നിധ്യമുള്ളത് തെലങ്കാനയിൽമാത്രമാണ്. കർണാടകയിൽ മൃഗീയഭൂരിപക്ഷമുള്ള ബിജെപി, പക്ഷേ, കടുത്ത വിമതശല്യത്തിന്റെ പശ്ചാത്തലത്തിൽ ആ മിന്നുംവിജയം നിലനിർത്തുമോ എന്നു സംശയിക്കണം. കേരളത്തിൽ അക്കൗണ്ട് തുറക്കുമെന്ന് കടുത്ത ബിജെപിഭക്തർ പോലും പ്രതീക്ഷിക്കുന്നില്ല. ദാനധർമ പ്രചാരണങ്ങൾക്കും വെള്ളിത്തിരയിലെ സൂപ്പർ ഹീറോ ഇമേജിനുമൊക്കെ അപ്പുറമാണ് പ്രായോഗികരാഷ്ട്രീയത്തിന്റെ പോർക്കളം എന്നതുതന്നെ കാരണം. ഒപ്പം നിൽക്കാൻ അണിയായി ഒറ്റയാൾപോലുമില്ലാത്ത അനിൽ ആന്റണിയും പത്മജയും ഒക്കെ രാഷ്ട്രീയപരമായി കേരളത്തിന് ഒരു തമാശമാത്രമാണ്. തമിഴ്നാട്ടിലാവട്ടെ ഡിഎംകെയോട് എതിർത്തൊരു നേട്ടം ഈ സാഹചര്യത്തിൽ ബിജെപിക്ക് അചിന്ത്യമാണ്. അങ്ങനെ പൊതുവിൽ ഒരു വലിയ മുന്നേറ്റം സാധ്യമല്ലാത്ത ബിജെപി മുൻ നാളുകളിലെന്നപോലെ ഒരു പുൽവാമയോ ബാൽക്കോട്ടോ ഒക്കെ സംഭവിപ്പിച്ച് വിജയത്തിന് ആക്കംകൂട്ടാൻ ശ്രമിക്കുമോ എന്നുകൂടി ചിന്തിക്കണം. അധികാരത്തിലേക്കുള്ള യാത്രയിൽ മാർഗം എത്ര ഹീനമായാലും അവർക്കു കുഴപ്പമില്ല. ഇന്ത്യ എന്ന രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനായി ചെറുവിരൽ പോലും അനക്കാത്തവർ തുടർച്ചയായ മൂന്നാം വട്ടവും രാജ്യഭരണം കയ്യാളാൻ ഒരുങ്ങുന്നു എന്നതിന്റെ വൈരുധ്യം ഒരു ജനതയ്ക്ക് അവർ അർഹിക്കുന്ന ഭരണാധികാരികളെയേ ലഭിക്കൂ എന്നതു തന്നെയാണോ?

മറുവശത്ത്, ഇന്ത്യാസഖ്യത്തിന്റെ നിലനില്പിനായി കോൺഗ്രസ് ഏറെ വിട്ടുവീഴ്ചകൾ ചെയ്തുകഴിഞ്ഞു. 300ൽ താഴെ സീറ്റുകളിൽമാത്രമാണ് അവർ മത്സരിക്കുന്നത്. ദക്ഷിണേന്ത്യയിൽ കേരളവും തമിഴ്നാടും തൂത്തുവാരുമെന്നു പ്രതീക്ഷിക്കുന്ന ഇന്ത്യാസഖ്യം, കർണാടകയിലും തെലങ്കാനയിലും പത്തിലേറെ സീറ്റുകൾ ലക്ഷ്യം വയ്ക്കുന്നു. രണ്ടിടത്തും നിയമസഭാതിരഞ്ഞെടുപ്പുകളിൽ നേടിയ വിജയമാണ് പ്രതീക്ഷയുണർത്തുന്നത്. ടിഡിപിയും വൈഎസ്ആർ കോൺഗ്രസും നേർക്കുനേർ വരുന്ന ആന്ധ്രയിൽ വലിയ പ്രതീക്ഷയൊന്നും ഇന്ത്യാസഖ്യം വച്ചുപുലർത്തുന്നില്ല. വലിയ സംസ്ഥാനമായ മഹാരാഷ്ട്രയിൽ വലിയ പ്രതീക്ഷകളാണ് സഖ്യം പുലർത്തുന്നത്. എൻസിപിയിലും ശിവസേനയിലും സംഭവിച്ച പിളർപ്പ് ബിജെപിക്കു ദോഷം ചെയ്യുമ്പോൾ എൻസിപി ശരത്പവാർപക്ഷവും ശിവസേനയുടെ താക്കറെപക്ഷവും ഒപ്പമുള്ളത് ഇന്ത്യാസഖ്യത്തിനു ഗുണം ചെയ്യും.

▶8

# അടയാളങ്ങൾ സൃഷ്ടിച്ച അതികായൻ

## കെ.എം. മാണി അന്തരിച്ചിട്ട് ഏപ്രിൽ ഒമ്പതിന് അഞ്ചുവർഷം



ജോണി തോമസ്
മണിമല

കേരളം ഇനി എങ്ങനെയെല്ലാം മാറിമറിഞ്ഞാലും, അതിന്റെ രാഷ്ട്രീയഭൂപടത്തിൽ കെ. എം. മാണി എന്ന അതികായൻ സൃഷ്ടിച്ച അടയാളങ്ങൾക്ക് ആർക്കും മായ്ക്കാനാവാത്ത മഷിക്കറുപ്പാണ്. വർഷങ്ങൾക്കുമുമ്പ്, 'കേരളശബ്ദ'ത്തിലോ കലാകൗമുദിവാരികയിലോ എന്നു നിശ്ചയം പോരാ, കവർപേജിൽ കെ.എം. മാണിയുടെ ചിരിക്കുന്ന ഒരു മുഖചിത്രം വന്നതോർക്കുന്നു. അതിനു താഴെ ഒരു തലവാചകവും: കന്നിമണ്ണിന്റെ രാഷ്ട്രീയോന്മേഷം. കെ.എം. മാണിയുടെ രാഷ്ട്രീയപ്രസക്തി വിലയിരുത്തിക്കൊണ്ട് ഉൾപ്പേജിൽ ഉൾപ്പെടുത്തിയിരുന്ന മുഖലേഖനത്തിന്റെ തലക്കെട്ടായിരുന്നു അത്.

ഓർമയിൽ ഇപ്പോഴും തങ്ങിനില്ക്കുന്നത് ആ തലക്കുറിയാണ്: കന്നിമണ്ണിന്റെ രാഷ്ട്രീയോന്മേഷം. ഒരുപക്ഷേ, കെ.എം. മാണിയെന്ന രാഷ്ട്രീയനേതാവ് പ്രതിനിധാനം ചെയ്യുന്ന ജനസമൂഹത്തിന്റെയും അവർ ചവിട്ടിനില്ക്കുന്ന മണ്ണിന്റെയും ഒരു ആവേശമുദ്ര എന്ന നിലയിലാവണം അദ്ദേഹത്തെ അങ്ങനെ വിശേഷിപ്പിച്ചത്. അതെന്തായാലും, അന്ത്യനാളുകളിലെ അല്പകാലമൊഴിച്ചു നിർത്തിയാൽ, ജീവിതത്തിലുടനീളം അടിമുടി അദ്ദേഹം ഉന്മേഷവാനായിരുന്നുവെന്നതു നേര്.

വാസ്തവത്തിൽ ഈ ഉന്മേഷമല്ലേ ആളുകളെ അദ്ദേഹത്തിലേക്ക് അടുപ്പിച്ചുനിർത്തിയതെന്നാലോചിക്കണം. ശരീരത്തിന്റെയും മനസ്സിന്റെയും യൗവനം ഇതുപോലെ ജീവിതകാലമത്രയും നിലനിർത്തിയ മറ്റൊരു രാഷ്ട്രീയനേതാവ് കേരളത്തിലിന്നോളമുണ്ടായിട്ടില്ല. ആരെയും നിരായുധരാക്കുന്ന ചിരികൊണ്ട്, ആളുകളെ അദ്ദേഹം നേരിട്ടു. തൊട്ടും തലോടിയും അദ്ദേഹം അണികളെ ആവേശഭരിതരാക്കി; ആ വഴിയിലൂടെത്തന്നെ എതിരാളികളെ നിഷ്പ്രഭരാക്കി. രാഷ്ട്രീയക്കാരുടെ ചിരി ഒരു പരിഹാസവിഷയമായ ലോകത്ത്, അതിനെ അതിലംഘിക്കുന്ന ഒരു ഭാവമണ്ഡലം തന്റെ സൗഹൃദവലയത്തിൽ സൃഷ്ടിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞുവെന്നതാണു വാസ്തവം. മാണിസാർ മനുഷ്യനന്മയിലും മാനവികതയിലും വിശ്വസിച്ച സ്നേഹസമ്പന്നനായ ഒരു നല്ല സുഹൃത്തായിരുന്നുവെന്നു നിറകണ്ണുകളോടെ പറയുന്നത്, വെറുമൊരു കേരള കോൺഗ്രസുകാരനല്ല; എം.പി. വീരേന്ദ്രകുമാർ എന്ന ബുദ്ധിജീവിയാണ്.

ഒരർത്ഥത്തിൽ കെ.എം. മാണിയും ഒരു ബുദ്ധിജീവിതന്നെയെന്ന് എത്രയോ പണ്ടേ സക്കറിയ എഴുതി. കേവലം ഒരു പ്രാദേശികകക്ഷിയുടെ നേതാവായിരുന്നിട്ടുകൂടി, തന്റെ വ്യക്തിപ്രഭാവംകൊണ്ട് കേരളത്തിന്റെ അതിർവരമ്പുകളെ നിരന്തരം ഭേദിച്ചുനില്ക്കാൻ കഴിഞ്ഞുവെന്നതാണ് അദ്ദേഹത്തെ മരണാനന്തരവും ശ്രദ്ധേയനാക്കുന്ന ഘടകം. രാഷ്ട്രീയമായ എതിർപ്പുകൾ ഉയർത്തുന്നവർക്കും, കെ.എം. മാണിയുടെ കാര്യനിർവഹണശേഷിയെയും ഭരണപാടവത്തെയും നിയമപാണ്ഡിത്യത്തെയും സാമ്പത്തികശാസ്ത്രവൈദഗ്ധ്യത്തെയും വാക്സാമർത്ഥ്യത്തെയുംകുറിച്ചു തർക്കിക്കാൻ ഒന്നുമില്ലായിരുന്നുവെന്നു നാമറിയണം. വളരുംതോറും പിളരുകയും പിളരുംതോറും വളരുകയും ചെയ്യുന്ന കേരള കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ഒറ്റവീൽ സൈക്കിളിലിരുന്നുകൊണ്ട്, തികഞ്ഞ മെയ്യഭ്യാസിയെപ്പോലെ അദ്ദേഹം ഒരു കാലഘട്ടത്തെ നയിക്കുന്നത് വലിയ അദ്ഭുതത്തോടെയും അതിലേറെ അസൂയയോടെയും രാഷ്ട്രീയകേരളം നോക്കിക്കണ്ടു.



സ്വന്തം കക്ഷി പലപ്പോഴായി പിളർന്നു മാറുമ്പോഴും, അപ്രതിരോധ്യമായ മുന്നേറ്റത്തിലൂടെ നേതാക്കന്മാരുടെ നേതാവായി നില്ക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മുന്നണിരാഷ്ട്രീയത്തിന്റെ സൂത്രധാരനായിരുന്നു അദ്ദേഹം. കുശാഗ്രബുദ്ധിയായ ലീഡർ കരുണാകരൻപോലും ഓരോ അഴിയാക്കുരുക്കിലും ഭരണപരിഷ്കാരനടപടികളിലും മാണിസാറിന്റെ അഭിപ്രായം തേടിയിരുന്നുവെന്നതു ചരിത്രം. അങ്ങനെ തിരുവനന്തപുരത്തിരിക്കുന്നവർ മാത്രമല്ല, അങ്ങു ഡൽഹിയിലിരിക്കുന്നവർവരെ പാലായിലിരിക്കുന്ന കെ.എം.മാണിയെ എത്തിനോക്കി.

കേരളമാകെ നിറഞ്ഞുനില്ക്കുമ്പോഴും ഈ രാഷ്ട്രീയകലാമർമജ്ഞനെ അസഹിഷ്ണുക്കളായ ചില മാധ്യമങ്ങളും രാഷ്ട്രീയകക്ഷികളും പാലായിലേക്കു ചേർത്തൊട്ടിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പക്ഷേ, വെറുമൊരു പാലാക്കാരനായിരുന്നില്ല അദ്ദേഹം. എത്രയോ മുമ്പേ അദ്ദേഹം ചരിത്രത്തിലേക്കു കയറിപ്പോയി! പരാജയമറിയാതെ എന്നും തന്നെ താങ്ങിനിറുത്തിയ ജന്മനാടിനെ മറന്നാൽ അതു വലിയ കൃതഘ്നതയാകുമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം പാലായെ കണക്കറ്റു വാഴ്ത്തി, സ്നേഹിച്ചു. പക്ഷേ, അദ്ദേഹം നടപ്പാക്കിയ ജനക്ഷേമകരമായ പദ്ധതികളോരോന്നും കേരളസമൂഹമൊന്നാകെ കൈനീട്ടി സ്വീകരിച്ചവയായിരുന്നു. കർഷത്തൊഴിലാളി പെൻഷനും കാരുണ്യ പദ്ധതിയും ഉൾപ്പെടെ അദ്ദേഹം ആവിഷ്കരിച്ച ഭരണനടപടികളൊന്നും പാലായ്ക്കുവേണ്ടി മാത്രമായിരുന്നില്ല.

അതിശയവർണനകളുടെ ചായം പുരട്ടാതെ ധൈര്യമായി പറയട്ടെ: കെ.എം. മാണി ചരിത്രമെഴുതി സ്വയം ചരിത്രമായ ആളാണ്. അദ്ദേഹത്തിന്റെ മനുഷ്യസ്നേഹപരമായ പ്രവർത്തനങ്ങൾ ആർക്കും ഒളിപ്പിച്ചുവയ്ക്കാനാവാത്ത സത്യങ്ങളാണ്. അടുത്തറിഞ്ഞവരുടെ ഓർമകളിൽ, ചേർത്തണച്ചുള്ള മാണിസാറിന്റെ കെട്ടിപ്പിടിത്തത്തിന്റെയും പൊട്ടിച്ചിരിയുടെയും മാസ്മരിക സ്പർശം മായാതെ നില്ക്കും.

# കുടക്കച്ചിറ മാർ അന്തോണിക്കത്തനാർക്ക് പ്ലാശനാലിൽ സ്മൃതിമണ്ഡപം

ഭാരതനസ്രാണിസഭയുടെ അഭിമാനഭാജനവും ഉജ്ജ്വലസഭാസ്നേഹിയും സ്വജാതിമെത്രാനെ കിട്ടാൻവേണ്ടിയുള്ള പരിശ്രമത്തിൽ രക്തംചിന്താത്ത രക്തസാക്ഷിയുമായിത്തീർന്ന യുഗപുരുഷൻ കുടക്കച്ചിറ അന്തോണിക്കത്തനാരുടെ സ്മൃതിമണ്ഡപം പ്ലാശനാൽ മർത്ത് മറിയം ദൈവാലയാങ്കണത്തിൽ സ്ഥാപിച്ചു. സ്മൃതിമണ്ഡപത്തിന്റെ ആശീർവാദകർമം പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഏപ്രിൽ 9 ന് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് 3 ന് പ്ലാശനാൽ പള്ളിയിൽ ബിഷപ് സുറിയാനി കുർബാന അർപ്പിച്ചു സന്ദേശം നല്കുകയും സിമിത്തേരിയിൽ പ്രാർഥനാശുശ്രൂഷകൾക്കു നേതൃത്വം നല്കുകയും ചെയ്തു. തുടർന്നുനടന്ന അനുസ്മരണസമ്മേളനത്തിൽ പാലാ രൂപത സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപ്പറമ്പിൽ കുടക്കച്ചിറ അന്തോണിക്കത്തനാരെ അനുസ്മരിച്ചു സംസാരിച്ചു. പാരിഷ്ഹാളിൽ ഇടവകശ്രാദ്ധവും നടന്നു.


പാലാ ഇടവക കുടക്കച്ചിറ കുടുംബാംഗമായ അന്തോണിക്കത്തനാർ 1815 ൽ ജനിച്ചു. പാലാ വലിയപള്ളി ഇടവകയിൽപ്പെട്ട കുന്നേലച്ചൻ, മുപ്രയിലച്ചൻ എന്നിവരുടെ കീഴിൽ സുറിയാനി പഠനം ആരംഭിച്ച് പൂഞ്ഞാർ പള്ളിയിൽ വൈദികപരിശീലനം നടത്തിയിരുന്ന ഭരണങ്ങാനം ഇടവകാംഗമായ പൂണ്ടിക്കുളം ഇട്ടി ഐപ്പ് കത്തനാരുടെ കീഴിൽ സുറിയാനിപഠനം പൂർത്തിയാക്കി. മാന്നാനം സെമിനാരിയിൽ പഠിക്കുകയും തുടർന്ന് കൊച്ചി മട്ടാഞ്ചേരിപ്പള്ളിയിൽ വിദേശഭാഷകൾ പഠിക്കാനായി പോവുകയും ചെയ്തു. മട്ടാഞ്ചേരിപ്പള്ളിയിൽ താമസിച്ച് ഇംഗ്ലീഷ്, ഫ്രഞ്ച്, പോർച്ചുഗീസ്, സ്പാനിഷ്, ഇറ്റാലിയൻ തുടങ്ങിയ വിദേശഭാഷകളിൽ സാമാന്യ അറിവുനേടി. തുടർന്ന്, പാലാ കട്ടക്കയം യൗസേപ്പ് മല്പാന്റെ കീഴിൽ വൈദികപരിശീലനം പൂർത്തിയാക്കി. വരാപ്പുഴ മെത്രാനായിരുന്ന ലൂദ്‌വീക്കോസ് തിരുമേനിയിൽനിന്ന് വൈദികപട്ടം സ്വീകരിച്ചു. ഇടവകവൈദികൻ എന്ന നിലയിൽ പാലാ വലിയപള്ളിയിൽ ശുശ്രൂഷ ചെയ്തുവരവേ, അക്കാലത്ത് പാലായിൽ പടർന്നുപിടിച്ച വസൂരിരോഗത്തിന് ഇരയായവർക്ക് കൂദാശകൾ പരികർമം ചെയ്യാനും ശുശ്രൂഷകൾ നൽകാനും തയ്യാറായി. തുടർന്ന്, അരുവിത്തുറ പള്ളിവികാരിയായി നിയമിക്കപ്പെട്ടു. പ്ലാശനാലിൽ പരിശുദ്ധ അമ്മയുടെ നാമത്തിൽ പള്ളിയും വിശുദ്ധ അന്തോണീസിന്റെ നാമത്തിൽ ഒരു ദയറായും സെമിനാരിയും ഇതോടൊപ്പം ആരംഭിച്ചു. സ്വജാതിമെത്രാനെ കിട്ടാൻ ബാഗ്ദാദിലേക്കു യാത്ര ചെയ്തപ്പോൾ പാത്രിയാർക്കീസ് മാർ യൗസേപ്പ് ഔദോയെ സന്ദർശിച്ചു. 1857 ൽ ഏതാനും വൈദികരോടും സെമിനാരിക്കാരോടുംകൂടെ ബാഗ്ദാദിലേക്ക് രണ്ടാം വട്ടവും യാത്ര ചെയ്തു. ബാഗ്ദാദിൽവച്ച് 1857 ജൂലൈ 22 ന് കാലം ചെയ്തു.



പ്ലാശനാൽ മർത്ത്മറിയം പള്ളിയിൽ സ്ഥാപിച്ച കുടക്കച്ചിറ മാർ അന്തോണിക്കത്തനാർ സ്മാരകസ്മൃതിമണ്ഡപം

മാർ അന്തോണിക്കത്തനാരുടെ ഓർമ ശാശ്വതീകരിക്കണമെന്ന പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ പ്രത്യേക താത്പര്യപ്രകാരം, കുടക്കച്ചിറ കുടുംബവും പ്ലാശനാൽ, അരുവിത്തുറ പള്ളികളും ചേർന്നാണ് സ്മൃതിമണ്ഡപം നിർമിച്ചിരിക്കുന്നതെന്ന് പ്ലാശനാൽപള്ളി വികാരി ഫാ. തോമസ് ഓലിക്കൽ പറഞ്ഞു.

# ഇന്ത്യൻ ബഹിരാകാശദൗത്യത്തിനു കളമൊരുങ്ങുന്നു





നീതു ശ്രീരാജ്

മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കുന്നതിനായി ഇന്ത്യ ആരംഭിച്ചിരിക്കുന്ന ദൗത്യമാണ് ഗഗൻയാൻ. 2020 ലും 2021 ലും മനുഷ്യരില്ലാത്ത പേടകങ്ങൾ ബഹിരാകാശത്ത് എത്തിച്ചശേഷം 2021 അവസാനത്തോടെ മനുഷ്യരെ ഉൾപ്പെടുത്തി പേടകങ്ങൾ ബഹിരാകാശത്ത് എത്തിക്കാനായിരുന്നു തുടക്കത്തിൽ പദ്ധതി ലക്ഷ്യമിട്ടിരുന്നത്. ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷനും ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡും റഷ്യയുടെ ഫെഡറൽ സ്പേസ് ഏജൻസിയായ റോസ്കോസ്മോസ് സ്റ്റേറ്റ് കോർപ്പറേഷൻ ഫോർ സ്പേസ് ആക്ടിവിറ്റീസും ഒരുമിച്ചാണ് ഗഗൻയാൻ പദ്ധതിക്കുവേണ്ടി പ്രവർത്തിക്കുന്നത്. മനുഷ്യരെ വഹിച്ചുകൊണ്ടുള്ള യാത്രയ്ക്കു മുന്നോടിയായി പരീക്ഷണാടിസ്ഥാനത്തിൽ 2020 ഡിസംബറിലും 2021 ജൂലൈയിലും ആളില്ലാത്ത പേടകമയച്ചു. തുടർന്നു 2021 ഡിസംബറിൽ മനുഷ്യനെ ബഹിരാകാശത്ത് എത്തിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. ജിഎസ്എൽവി മാർക്ക് III റോക്കറ്റിലാണ് യാത്രികരെ എത്തിക്കുന്നത്. ദൗത്യം വിജയിച്ചാൽ ബഹിരാകാശത്ത് മനുഷ്യനെ എത്തിക്കുന്ന നാലാമത്തെ രാജ്യമായി ഇന്ത്യ മാറും. അമേരിക്ക, ചൈന, റഷ്യ എന്നീ രാജ്യങ്ങൾ മുമ്പേ തന്നെ ഈ നേട്ടം കൈവരിച്ചിട്ടുണ്ട്. മലയാളിയായ ഡോ. എസ്. ഉണ്ണികൃഷ്ണൻനായർക്കാണ് ദൗത്യത്തിന്റെ മുഖ്യചുമതല. ഹ്യൂമൻ സ്പേസ് ഫ്ളൈറ്റ് സെന്റർ ഫൗണ്ടർ ഡയറക്ടറായ ഉണ്ണിക്ക്യഷ്ണൻനായർ കോട്ടയം കോതനല്ലൂർ സ്വദേശിയാണ്. റഷ്യ ഉൾപ്പെടെ മറ്റു രാജ്യങ്ങളുമായി സഹകരണമുൾപ്പെടെയുള്ള കാര്യങ്ങൾക്കു നേതൃത്വം നൽകുന്നത് അദ്ദേഹമാണ്. തിരുവനന്തപുരം വിക്രം സാരാഭായി സ്പേസ് സെന്ററിൽ (വിഎസ്എസ്സി) അഡ്വാൻസ്ഡ് സ്പേസ് ട്രാൻസ്പോർട്ടേഷൻ പ്രോഗ്രാം ഡയറക്ടറായിരുന്നു ഡോ. ഉണ്ണിക്ക്യഷ്ണൻനായർ. ബഹിരാകാശപേടകം അപകടത്തിൽപെട്ടാൽ യാത്രികരെ രക്ഷിക്കുന്ന 'ക്രൂ എസ്കേപ് സിസ്റ്റം' (2018) വിജയകരമാക്കിയത് അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ്. ഈ സാങ്കേതികവിദ്യ സ്വന്തമാക്കുന്ന നാലാമത്തെ രാജ്യമാണ് ഇന്ത്യ. ഗഗൻയാൻ പ്രൊജക്ട് ഡയറക്ടറായി പ്രവർത്തിക്കുന്നത് മറ്റൊരു മലയാളിയായ ആർ. ഹട്ടനാണ്. വിഎസ്എസ്സിയിൽ പിഎസ്എൽവി പ്രോജക്ട് ഡയറക്ടറായിരുന്ന ഹട്ടൻ നേരത്തേ ഡപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ സ്ഥാനങ്ങളും വഹിച്ചിട്ടുണ്ട്. ആലപ്പുഴ സ്വദേശിയാണ്.

**ഗഗൻയാൻ പരിശീലനത്തിനു പിന്നിലെ വിശേഷങ്ങൾ**

2025 അവസാനത്തോടെ വിക്ഷേപിക്കാൻ ലക്ഷ്യമിടുന്ന ഗഗൻയാൻദൗത്യത്തിലെ സഞ്ചാരികളെ വഹിക്കുന്ന പേടകം (ക്രൂ മൊഡ്യൂൾ) ഭൂമിയിൽനിന്ന് 400 കിലോമീറ്റർ അകലെയുള്ള ഭ്രമണപഥത്തിൽ എത്തിച്ചശേഷം തിരിച്ചിറങ്ങുന്നത് പാരഷൂട്ടുകളുടെ സഹായത്തോടെ അറബിക്കടലിലാണ്. ഇതിന്റെ ഭാഗമായുള്ള പരിശീലനം കൊച്ചിയിൽ ഉൾപ്പെടെ നടക്കുന്നു. അതേസമയം, അടിയന്തരസാഹചര്യമുണ്ടായാൽ സഞ്ചാരികൾക്കിറങ്ങാൻ രാജ്യാന്തര സമുദ്രഭൂപടത്തിൽ 48 സുരക്ഷിതസ്ഥാനങ്ങളാണ് ഇന്ത്യൻ ബഹിരാകാശഗവേഷണ സ്ഥാപനമായ ഇസ്റോ കണ്ടെത്തിയിരിക്കുന്നത്. അതിശൈത്യ, അത്യുഷ്ണസാഹചര്യങ്ങളെ മാത്രമല്ല, ആഴക്കടലിനെയും അതിജീവിച്ചുവേണം സഞ്ചാരികൾക്കു തിരിച്ചെത്താൻ. ഗഗൻയാൻ ഏകോപിപ്പിക്കുന്ന ഹ്യൂമൻ സ്പേസ് ഫ്ളൈറ്റ് സെന്റർ ഉൾപ്പെടെ ഇസ്റോയ്ക്ക് കീഴിലെ വിവിധ കേന്ദ്രങ്ങൾ – ഇന്ത്യൻ വ്യോമസേനയുടെ സ്ഥാപനങ്ങളായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയറോസ്പേസ് മെഡിസിൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, പ്രതിരോധ ഗവേഷണവികസനകേന്ദ്രമായ ഡി ആർ ഡി ഒ യ്ക്കു കീഴിലെ ഡിഫൻസ് ഫുഡ് റിസർച്ച് ലാബോറട്ടറി, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി തുടങ്ങി ഒരുപിടി സ്ഥാപനങ്ങളുമുണ്ട് ദൗത്യത്തിനു പിന്നിൽ. റഷ്യയിലെ യൂറി ഗഗാറിൻ കോസ്മോനോട്ട് ട്രെയിനിങ് സെന്ററും (ജി സി ടി സി), യു എസ് ബഹിരാകാശ ഏജൻസിയായ നാസയും പരിശീലനസഹായം നൽകുന്നു.

**പ്രായോഗികപാഠങ്ങൾ**

റഷ്യയിലെ പരിശീലനത്തിനുശേഷം 2021 ൽ ഇന്ത്യയിലേക്കു മടങ്ങിയ നിയുക്തസഞ്ചാരികൾക്ക് ബെംഗളൂരുവിലെ ഇസ്റോ ആസ്ഥാനമായ അന്തരീക്ഷ് ഭവനിലെ ഹ്യൂമൻ സ്പേസ് ഫ്ളൈറ്റ് സെന്ററിലും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലും (ഐഐ എസ്സി) തിയറി, പ്രാക്ടിക്കൽ ക്ലാസുകൾ ഒരുക്കിയിരുന്നു. ദൗത്യത്തിന്റെ ഫ്ളൈറ്റ് സംവിധാനങ്ങളെക്കുറിച്ചുള്ള എൻജിനീയറിങ് പഠനസെഷനുകളും 218 ക്ലാസ് റൂം ലക്ചറുകളും 75 കായികപരിശീലനസെഷനുകളും ഉൾപ്പെടെ 39 ആഴ്ചകളിലായാണ് ഇവിടങ്ങളിൽ ക്ലാസുകൾ ഒരുക്കിയത്. തിരുവനന്തപുരത്തെ വിക്രം സാരാഭായി സ്പേസ് സെന്ററും (വിഎസ്എസ് സി), ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ വിക്ഷേപണകേന്ദ്രവുമൊക്കെ സന്ദർശിച്ച ഇവർ വിദഗ്ധരുമായി സംവദിച്ചു.

**വ്യോമാരോഗ്യപരിശീലനം**

വ്യോമാരോഗ്യരംഗത്തെ പരിശീലനം വൈമാനികരുടെ ആരോഗ്യശേഷി അവലോകനം, ഇവരുടെ പ്രവർത്തന പരിതഃസ്ഥിതിപഠനം (എർഗോണോമിക്സ്) തുടങ്ങിയവയാണ് സിവിൽ, മിലിറ്ററി ഏവിയേഷൻ രംഗത്തെ മികച്ച കൺസൾട്ടൻസിയായ ബെംഗളൂരു വിമാനപുരയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എയ്റോ സ്പേസ് മെഡിസിൻ (ഐഎഎം) കൈകാര്യം ചെയ്യുന്നത്.

അന്തരീക്ഷത്തിലെ ഉയരങ്ങൾ കീഴടക്കുമ്പോഴുള്ള രോഗാവസ്ഥകളെക്കുറിച്ചും പാലിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ഗവേഷണം നടത്തുന്ന ഹൈ ഓൾട്ടിറ്റ്യൂഡ് ഫിസിയോളജി ആൻഡ് ഹൈപ്പർബാറിക് മെഡിസിൻ വിഭാഗമാണ് സഞ്ചാരികളുടെ വ്യോമാരോഗ്യപരിശോധന ഏകോപിപ്പിച്ചത്.

രാകേഷ് ശർമയ്ക്ക് ബഹിരാകാശത്ത് ഒഴുകിനടക്കാൻ പരിശീലനം നൽകിയ റഷ്യയുടെ സഹായത്തോടെ സജ്ജീകരിച്ച മൈക്രോ ഗ്രാവിറ്റി സിമുലേറ്റർ ഇപ്പോഴും ഇവിടെ പ്രവർത്തനസജ്ജമാണ്.

**സിമുലേറ്റർ പരിശീലനം**

രാജ്യത്തിനകത്തും പുറത്തുമുള്ള ഒട്ടേറെ ഏജൻസികളുടെ സഹായത്തോടെയാണ് ഗഗൻയാൻ സഞ്ചാരികളുടെ പരിശീലനത്തിനായുള്ള സിമുലേറ്ററുകൾ സജ്ജീകരിച്ചത്. ദൗത്യത്തിനിടെ സംഭവിക്കാനിടയുള്ള ശാരീരികവെല്ലുവിളികളെ നേരിടാൻ പരിശീലിപ്പിക്കുന്ന ഡൈനാമിക് ട്രെയിനിങ് സിമുലേറ്റർ (ഡിടിഎസ്) ഫ്രാൻസിന്റെ തെയിൽസ് അലീനിയസാണ് നൽകിയത്. യാത്രയ്ക്കിടെ വേഗത്തിലും ദിശയിലും വരുന്ന മാറ്റങ്ങളെയും ആഘാതങ്ങളെയും ശബ്ദപ്രകമ്പനങ്ങളെയും അതിജീവിക്കാനാണ് ഡിടിഎസ് പരിശീലിപ്പിക്കുന്നത്.

ക്രൂ മോഡ്യൂളിനുള്ളിലിരുന്ന് ദൗത്യം നിയന്ത്രിക്കാനുള്ള മിഷൻ കൺട്രോൾ കൺസോളുമായി ബന്ധപ്പെട്ട ഇലക്ട്രിക്കൽ, മെക്കാനിക്കൽ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്ന ഇൻഡിപെൻഡന്റ് ട്രെയിനിങ് സിമുലേറ്റർ (ഐടിഎസ്) ഒരുക്കിയത് ലാർസൻ ആൻഡ് ടൂബ്രോയാണ് (എൽ ആൻഡ് ടി).

പേടകത്തിനുള്ളിലെ കൺട്രോൾ പാനലുകളുമായി സംവദിക്കാനും ഡിസ്പ്ലേകളിൽനിന്നുള്ള തത്സമയഡേറ്റ വായിക്കാനുമുള്ള പരിശീലനം നൽകിയ വെർച്വൽ റിയാലിറ്റി ട്രെയിനിങ് സിമുലേറ്ററും (വിൽ ജിഎസ്), പേടകത്തിനുള്ളിലെ അതേ അന്തരീക്ഷം പുനഃസൃഷ്ടിച്ചുള്ള സ്റ്റാറ്റിക് മോക്ക് അപ് സിമുലേറ്ററും (എസ്എംഎസ്) സജ്ജീകരിച്ചതും ഇന്ത്യൻ സ്ഥാപനങ്ങൾതന്നെയാണ്.


ഇതിനുപുറമേ ബഹിരാകാശത്തു സഞ്ചാരികളുടെ ആശയവിനിമയത്തിനും സാങ്കേതികവിവരങ്ങൾ ലഭ്യമാക്കാനും സഹായിക്കുന്ന 'സഖി' (സ്പേസ് ബോൺ അസിസ്റ്റന്റ് ആൻഡ് നോളജ് ഹബ് ഫോർ ക്യൂ ഇന്ററാക്ഷൻ) എന്ന ആപ്പ് തിരുവനന്തപുരം വിഎസ്എസ്സി വികസിപ്പിച്ചിട്ടുണ്ട്.

'വ്യോമമിത്ര' എന്ന റോബട്ടിനെ ബഹിരാകാശത്തേക്ക് അയയ്ക്കുന്നതുൾപ്പെടെ രണ്ട് ആളില്ലാപരീക്ഷണ ദൗത്യങ്ങൾകൂടി ഈ വർഷം നിർവഹിച്ചാൽ ഗഗൻയാൻ ദൗത്യത്തിനു കളമൊരുങ്ങും.

ഗഗൻയാൻ ക്രൂ മൊഡ്യൂളിൽ രണ്ടുപേരെ ഉൾക്കൊള്ളിക്കാനാണ് നിലവിൽ സൗകര്യമൊരുക്കുന്നത്. ഇതിൽ ചിലപ്പോൾ ഒരാൾക്കേ ആദ്യദൗത്യത്തിൽ അവസരമുണ്ടാകൂ എന്ന് ഇസ്റോ ചെയർമാൻ എസ്. സോമനാഥ് വ്യക്തമാക്കിയിട്ടുണ്ട്.

ഇതൊരു കാത്തിരിപ്പാണ്. റഷ്യയ്ക്കും യുഎസിനും ചൈനയ്ക്കുംശേഷം ബഹിരാകാശത്തേക്കു സ്വന്തമായി സഞ്ചാരികളെ അയച്ചു നേട്ടം കൈവരിക്കുന്ന രാജ്യമാകാനുള്ള വെമ്പൽ, 2035 ൽ ഇന്ത്യയുടെ സ്വന്തം ബഹിരാകാശനിലയം സാക്ഷാത്കരിക്കാനും 2040 ൽ ഇന്ത്യൻ സഞ്ചാരിക്ക് ചന്ദ്രനിൽ കാലുകുത്താനുമുള്ള ദൗത്യങ്ങളിലേക്കുള്ള ചവിട്ടുപടിയാണ്.

# ശർക്കര തിന്നുന്ന കുട്ടി



സി. എൽ. ജോസ്

**നാ**ട്ടിൻപുറത്തുകാരിയായ ഒരമ്മ. സ്വന്തം മകനെക്കൊണ്ട് അവർ തോറ്റു. വീട്ടിൽ ശർക്കര വാങ്ങിവച്ചാൽ അവൻ കൂടക്കൂടെ അതിൽനിന്നെടുത്തു തിന്നും. പലവട്ടം ഉപദേശിച്ചു. കർശനമായി വിലക്കി. ഗുണദോഷിച്ചു. ശകാരിച്ചു. എന്നിട്ടും ഫലമില്ല.

ശർക്കര കണ്ടാൽ അവന്റെ വായിൽ വെള്ളമൂറും. അമ്മ കാണാതെ ഭരണിയിൽനിന്നു സൂത്രത്തിൽ അവൻ എടുത്തു തിന്നും. സ്കൂൾ വിട്ടുവന്ന് ഒരു ദിവസം അവൻ സൂത്രത്തിൽ അമ്മ കാണാതെ ശർക്കരഭരണിയിൽ കൈയിട്ടു. അതുകണ്ടു വന്ന അമ്മ അവനെ ശകാരിച്ചു. തെല്ലും കൂസാതെ അവൻ അമ്മയോടു കയർത്തു. അമ്മ വടിയെടുത്തുകൊണ്ടുവന്ന് കൊടുത്തു. രണ്ടടി.

അവൻ ദേഷ്യപ്പെട്ടു പിണങ്ങി ഒരു മൂലയിൽ ചെന്നിരുന്നു. കുറച്ചുകഴിഞ്ഞ് മോന് കാപ്പിയുമായി വന്നു അമ്മ. കാപ്പി വാങ്ങാൻ അവൻ കൂട്ടാക്കിയില്ല.

''എനിക്കു വേണ്ട. അമ്മ കുടിച്ചോ!"

"നിന്റെ ഗുണത്തിനുവേണ്ടിയല്ലേ ഞാൻ ശകാരിച്ചത്?"

"ശകാരിച്ചതുമാത്രമാണോ? തല്ലിയതോ?"

"അതും നിന്റെ ഗുണത്തിന്. ഈ വീട്ടിൽ ശർക്കര മേടിച്ചുവച്ചാൽ അതിൽ പകുതി എടുത്തുതിന്നും. എത്രനാളിതു ഞാൻ സഹിക്കും?" മനോവിഷമത്തോടെ അമ്മ തുടർന്നു: "എനിക്കു നീ മാത്രമല്ലേയുള്ളൂ. അച്ഛൻ മുമ്പേ പോയി. ഈ അമ്മ വേലയെടുത്തിട്ടല്ലേ നമ്മൾ നിത്യവൃത്തി കഴിയുന്നത്. അത് എന്റെ മോൻ മനസ്സിലാക്കണം."

അവൻ, കാപ്പിയും പിടിച്ചു നൽക്കുന്ന അമ്മയുടെ മുഖത്തു നോക്കി. സഹതാപം സ്ഫുരിക്കുന്ന നോട്ടം. തുടർന്ന് ഒന്നും പറയാതെ കാപ്പി വാങ്ങി കുടിച്ചു. അമ്മയ്ക്കു സന്തോഷം.

"എന്റെ മോൻ ഏറ്റവും നല്ലവനായി കാണാനാണ് ഈ അമ്മയുടെ മോഹം. നീയാണ് ഈ വീടിന്റെ വിളക്കും വെളിച്ചവും."

മനസ്സമാധാനത്തോടെ അമ്മ വീട്ടുജോലികളിലേക്കു തിരിഞ്ഞു. ദിവസങ്ങൾ നീങ്ങി. മകന്റെ ദുശ്ശീലം വിട്ടുപോയില്ല. ഭരണിയിൽനിന്നു പിന്നെയും ശർക്കര കുറഞ്ഞു. മിക്കദിവസവും അതു തുടർന്നു. അമ്മയുടെ ഉപദേശം നിഷ്ഫലമായി. ആ അമ്മ കൂടുതൽ ദുഃഖിതയായി.

തന്റെ വിഷമങ്ങൾ അയൽപക്കത്തുള്ള കൂട്ടുകാരിയായ ഒരു വീട്ടമ്മയോടു പങ്കുവച്ചു.

''എത്ര ഉപദേശിച്ചിട്ടും മോന്റെ ദുശ്ശീലങ്ങൾ മാറുന്നില്ല ജാനകീ. എന്നും ഞാൻ മോനുവേണ്ടി പ്രാർഥിക്കും. ദേവനും ദേവിയും തീരെ കനിയുന്നില്ല. ചില നേർച്ചകൾ നേർന്നു. അമ്പലത്തിൽപോയി ചില വഴിപാടുകൾ കഴിച്ചു. എന്നിട്ടും ഒരു ഫലവും കാണുന്നില്ല.



എല്ലാം കേട്ടുകഴിഞ്ഞപ്പോൾ ജാനകി പറഞ്ഞു: "നിന്റെ പ്രാർഥനയെല്ലാം നടന്നോട്ടെ. ഞാൻ ഒരു കാര്യം പറയട്ടെ. ശ്രീരാമകൃഷ്ണപരമഹംസൻ എന്ന ആളെ കേട്ടിട്ടില്ലേ?"

"ഉവ്വ്. കണ്ടിട്ടില്ല."

"അദ്ദേഹത്തെ ചെന്ന് ഒന്നു കാണൂ."

''ഇവിടന്ന് ഒരുപാടു ദൂരമില്ലേ?"

"ദൂരം സാരമാക്കേണ്ട. പുണ്യപ്പെട്ട മനുഷ്യനാ. ദിവ്യശക്തിയുള്ള ഒരു സന്ന്യാസിയാ. മോനെയും കൊണ്ടുപോയി സങ്കടം ബോധിപ്പിക്ക്. അതു ഗുണം ചെയ്യും. നിന്റെ എല്ലാ വിഷമങ്ങളും തീരും.

എല്ലാം കേട്ടെങ്കിലും ശങ്കിച്ചു നിൽക്കുകയാണ് ആ അമ്മ. ജാനകി ആ അമ്മയ്ക്ക് ആശ്വാസം പകർന്നു: നിങ്ങൾ രണ്ടുപേരും പോകുന്ന ദിവസം എന്നോടു പറ. യാത്രക്കൂലിക്ക് കുറച്ചു പണം ഞാൻ തരാം."

സ്കൂളില്ലാത്ത ഒരു ദിവസം നോക്കി ആ അമ്മയും മകനും അകലെയുള്ള ശ്രീരാമകൃഷ്ണപരമഹംസനെ മുഖം കാണിക്കാൻ പോയി. മഹർഷിവര്യനും മഹാഭക്തനും പരമസാത്വികനുമായ അദ്ദേഹം തന്റെ ആശ്രമത്തിൽ ചില ശിഷ്യരോടൊത്ത് ഏതോ കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്.

"ഒരു അമ്മയും മകനും സ്വാമികളെ കാണാൻവേണ്ടി വെളിയിൽ കാത്തുനിൽക്കുന്നു.'' ശിഷ്യൻ സ്വാമികളെ അറിയിച്ചു. സ്വാമികൾ മൊഴിഞ്ഞു: "വരാൻ പറയൂ."

നിമിഷങ്ങൾക്കകം ആ അമ്മയും മകനും ഭയഭക്തിബഹുമാനങ്ങളോടെ സ്വാമികളുടെ മുമ്പിലേക്കു വന്നു. ഇരുവരും കുനിഞ്ഞു തൊഴുതു.

സ്വാമികൾ ചോദിച്ചു: "നിങ്ങൾ എന്താ എന്നെ കാണാൻ വന്നത്?"

ദൈന്യഭാവത്തിൽ ആ അമ്മ പറഞ്ഞു: "ഇവൻ എന്റെ ഏകമകൻ. ആറാംക്ലാസിൽ പഠിക്കുന്നു. അവിടുത്തോട് ഒരു സങ്കടം ബോധിപ്പിക്കാനാ വന്നത്."

"എന്താണു സങ്കടം?"

"പറയാൻ നാണവുമുണ്ട്, വിഷമവുമുണ്ട്."

"പറയൂ! കേൾക്കട്ടെ."

''വീട്ടിൽ ശർക്കര വാങ്ങി വയ്ക്കും. കാപ്പിക്കും മറ്റ് ആവശ്യങ്ങൾക്കും. ഇവനു ശർക്കരയോടു വലിയ ആർത്തി. ഞാൻ കാണാതെ ഭരണിയിൽനിന്നു കൂടക്കൂടെ ശർക്കര എടുത്തു തിന്നും. ഉപദേശിച്ചുപദേശിച്ച് ഞാൻ തോറ്റു. ശകാരിച്ചു നോക്കി. ശിക്ഷ കൊടുത്തു. എന്നിട്ടും എന്റെ കണ്ണുതെറ്റിയാൽ ഭരണിയിൽ കൈയിടും."

മോനോട് സ്വാമികൾ ചോദിച്ചു: "അമ്മ പറയുന്നതു ശരിയാണോ?"

അവൻ മറുപടിയൊന്നും പറയാതെ ഒരു കുറ്റവാളിയെപ്പോലെ തലതാഴ്ത്തിനിന്നു.

അമ്മയും സ്വാമികളും പിന്നെയും സംസാരിച്ചു. കാര്യങ്ങളെല്ലാം വ്യക്തമായി അദ്ദേഹത്തിനു മനസ്സിലായി.

അല്പനേരം മൗനമായി നിന്നിട്ടു സ്വാമികൾ അവരോടു കല്പിച്ചു:

"നിങ്ങൾ രണ്ടുപേരും രണ്ടാഴ്ച കഴിഞ്ഞു വരൂ. അപ്പോൾ, നമുക്ക് ഇതിന് ഒരു പരിഹാരമുണ്ടാക്കാം. തത്കാലം മടങ്ങിക്കോളൂ."

അമ്മ നടുങ്ങി സ്തംഭിച്ചു നിന്നു. വണ്ടിക്കൂലി ചെലവാക്കി രണ്ടുപേരും ഇത്രയും ദൂരം യാത്ര ചെയ്തുവന്നിട്ട്... ഈശ്വരാ! ഇനി വീണ്ടും ഒരു യാത്രയോ? മനംനൊന്തു നിരാശയോടെ അവർ മടങ്ങി.

ഏറെ ക്ലേശിച്ചാണെങ്കിലും രണ്ടാഴ്ച കഴിഞ്ഞപ്പോൾ അമ്മയും മകനും വലിയ പ്രത്യാശയോടെ വീണ്ടും വന്നു. ഇരുവരും വിനയാന്വിതരായി സ്വാമികളുടെ മുമ്പിൽ കുമ്പിട്ടുനിന്നു. സ്വാമികൾ അമ്മയെയും മകനെയും അരികിലേക്കു വിളിച്ചു. എന്നിട്ടു മകന്റെ ശിരസ്സിൽ കൈവച്ച് പറഞ്ഞു: "മോനേ! മേലിൽ നീ ശർക്കരയെടുത്തു തിന്നരുത്." അവൻ സമ്മതപൂർവം തലയാട്ടി.

എന്നിട്ട് അമ്മയോടു പറഞ്ഞു: "ഇനിമുതൽ നിങ്ങളുടെ മകൻ ശർക്കരയെടുത്തു തിന്നുകയില്ല. സമാധാനത്തോടെ പൊയ്ക്കൊള്ളൂ."

ആ അമ്മ അന്തംവിട്ടുനിന്നു.

"സന്തോഷമായില്ലേ?"

ഏറെ വിനയത്തോടെ താഴ്ന്ന സ്വരത്തിൽ അമ്മ ചോദിച്ചു:

"അവിടുന്ന് ഈ പറഞ്ഞതു രണ്ടാഴ്ച മുമ്പു വന്നപ്പോൾ പറയാമായിരുന്നില്ലേ? വീണ്ടും ഞങ്ങൾ കഷ്ടപ്പെട്ടുവരേണ്ടിയിരുന്നില്ലല്ലോ?"

"ചോദ്യം അർഥവത്താണ്. ഒരു കാര്യം ഞാൻ വിശദമാക്കാം. ഏതെങ്കിലും ദുശ്ശീലം ഒഴിവാക്കാൻവേണ്ടി ഒരാൾ ആരെയെങ്കിലും ഉപദേശിക്കുമ്പോൾ ആ ഉപദേശകന് അതിനുള്ള യോഗ്യതയുണ്ടാവണം. നിങ്ങൾ അമ്മയും മകനും അന്നു വന്നപ്പോൾ, എനിക്ക് അതിനുള്ള യോഗ്യതയുണ്ടായിരുന്നില്ല."

ആ അമ്മ അന്തംവിട്ടു മിഴിച്ചുനിന്നു. തുടർന്നു വളരെ താഴ്മയോടെ ചോദിച്ചു: "അവിടുന്നു പറഞ്ഞതു മനസ്സിലായില്ല."

"പറയാം. രണ്ടാഴ്ചമുമ്പ് നിങ്ങൾ വന്നപ്പോൾ ശർക്കര തിന്നുന്ന ഒരു ശീലം എനിക്കുണ്ടായിരുന്നു. നിങ്ങൾ അന്നു മടങ്ങിപ്പോയശേഷം ആ ശീലം ഞാൻ പാടേ ഉപേക്ഷിച്ചു. ഇപ്പോഴാണ് ഉപദേശിക്കാൻ തക്ക യോഗ്യത എനിക്കു കൈവന്നത്, പ്രത്യേകമായ ഒരു ശക്തി എന്നിൽ നിറഞ്ഞത്. ഇനി ഈ മോൻ ശർക്കരയെടുത്തു തിന്നുകയില്ല."

വിസ്മയഭാവത്തിൽ, അമ്മയും മോനും സ്വാമികളെ കൈകൂപ്പി വണങ്ങി.

■

## ശ്രേഷ്ഠമലയാളം

## വോട്ട്



ഡോ. ഡേവിസ് സേവ്യർ

**ഇം**ഗ്ലീഷിൽനിന്നു മലയാളത്തിലേക്കു കടന്നുവന്ന ഒരു വാക്കാണ് വോട്ട് (vote). സമ്മതി (അനുമതി; അംഗീകാരം) സമ്മതിദാനം, സമ്മതിപത്രം, പ്രകടിതാഭിപ്രായം എന്നെല്ലാമാണ് ആ വാക്കിന്റെ അർഥം. ജനാധിപത്യത്തിന്റെ മൗലികധർമമാണ് ഒരു പൗരനെ/പൗരിയെ സംബന്ധിച്ചിടത്തോളം വോട്ടവകാശം. പദവിക്കു യോജിച്ച ആളെ തിരഞ്ഞെടുക്കുന്നതിനായി ജനം വോട്ടിങ്ങിൽ ഏർപ്പെടുന്നു. 'ഓട്ടു ചെയ്യുക' എന്ന അകർമകക്രിയാരൂപത്തിന് സമ്മതിദാനം നൽകുക എന്നാണർഥം. വോട്ട് എന്ന പദം വാമൊഴിയിൽ 'ഓട്ട്' എന്നാകാറുണ്ട്. ഉദാസീനതമൂലം സംഭവിക്കുന്ന വർണവികാരമാണത്. സംസാരഭാഷയിൽ, വോട്ടും; ഓട്ടും തമ്മിലുള്ള വ്യത്യാസം പ്രകടമാകണമെന്നില്ല. എന്നാൽ, വോട്ട് എന്ന ശബ്ദംമാത്രമാണ് മാനകരൂപം.

സ്ഥാനാർഥികൾ തിരഞ്ഞെടുപ്പുകാലത്തു പുറത്തിറക്കുന്ന പത്രികകളിൽ 'വോട്ടുകൾ രേഖപ്പെടുത്തുക' എന്ന് എഴുതിക്കാണാറുണ്ട്. ഒറ്റക്കേൾവിയിൽ പ്രയോഗത്തിനു കുഴപ്പമില്ല എന്നു തോന്നാം. "വോട്ടുചെയ്യാൻ ആളുകൾ ഒന്നിച്ചു ചെന്നാലും വോട്ടു ചെയ്യുന്നത് ഒറ്റയ്ക്കൊറ്റയ്ക്കാണ്; അതേ, വിവരമുള്ള അവരാരും 'വോട്ടുകൾ' ചെയ്യുന്നില്ല. അതൊക്കെക്കഴിഞ്ഞ് ജയപരാജയാദികാര്യങ്ങളിലും സാമാന്യവ്യവഹാരം വോട്ടിനോട് 'കൾ' ചേർക്കാതെയാണ്. 'രണ്ടായിരം വോട്ടിന്റെ ഭൂരിപക്ഷം; 'അങ്ങനെ ഒരഞ്ഞൂറ് വോട്ടു മറഞ്ഞു;' 'ആറായിരം വോട്ടിന് മുന്നിട്ടുനിന്നതാണല്ലോ.' അതേയതേ വോട്ടു മുന്നിൽ നിൽക്കട്ടെ, 'വോട്ടുകൾ' വേണ്ട. പ്രബുദ്ധമലയാളികൾ ശരിക്കുമാത്രം വോട്ടു രേഖപ്പെടുത്തും"*

**വാൽക്കഷണം**

ഒരാൾ ഒരുസമയം ഒന്നിലേറെത്തവണ വോട്ടു ചെയ്താൽ; ഒന്നുകിൽ അത് അസാധു. അല്ലെങ്കിൽ, കള്ളവോട്ട്. പൗരാവകാശദുർവിനിയോഗമായ കള്ളവോട്ട് കുറ്റകൃത്യമാകുന്നു.

* നാരായണൻ, വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം – 108.

# മിഠായി

ബാലനോവൽ **6** രാമപുരം മണി

**അ**ന്നു ദമയന്തിറ്റീച്ചറും ഷീജയും ഒരുമിച്ചാണു സ്കൂളിലേക്കു പോയത്. പോകാൻനേരം അവൾ ഭർത്താവിനോടു പറഞ്ഞു.

"ചേട്ടാ, സമയത്തിനു ഭക്ഷണം കഴിച്ചിട്ട് ഗുളിക കഴിക്കണം. വെറുതെ കിടന്നുറങ്ങരുത്. എന്തെങ്കിലും വായിച്ചുകൊണ്ടിരിക്കുക. ഇടയ്ക്ക് മുറ്റത്തിറങ്ങി അല്പനേരം നടന്നോളൂ."

"ശരി ദമയന്തീ..."

"അച്ഛാ അമ്മ പറഞ്ഞതൊന്നും മറക്കല്ലേ..." ഷീജ പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഇല്ല മോളേ ഒന്നും മറക്കില്ല." നളനുണ്ണി സമ്മതിച്ചു.

"ഇടയ്ക്ക് അച്ഛനോടെന്തെങ്കിലും പറയാനുണ്ടെങ്കിൽ നളദമയന്തിക്കഥയിലെ അരയന്നത്തെ പറഞ്ഞുവിടാം..." ഷീജ അങ്ങനെ പറഞ്ഞിട്ടു ചിരിച്ചു.

"വാ മോളേ സമയം പോയി. ഞാനെന്നും വൈകിച്ചെല്ലുന്നെന്നു സ്കൂളിൽ പലർക്കും പരാതിയാ."

"ഇല്ലമ്മേ, അച്ഛന്റെ രോഗവിവരമറിഞ്ഞതിൽപ്പിന്നെ ആർക്കും പരാതിയില്ല."

"എന്നാരാ നിന്നോടു പറഞ്ഞത്."

"ആരും പറഞ്ഞില്ല. എനിക്കങ്ങനെ തോന്നി."

"ശരി നീ വാ." ദമയന്തി നടന്നു. പിറകേ ശ്രീജയും.

ഭാര്യയുടെയും മോളുടെയും പോക്കു നോക്കി നളനുണ്ണിയുടെ ചുണ്ടിലൊരു പുഞ്ചിരി വിടർന്നു.

ദമയന്തിറ്റീച്ചറും ഷീജ റ്റി. കെ.യും. തന്റെ ആത്മാവാണു രണ്ടുപേരും. ദമയന്തിയില്ലെങ്കിൽ നളനുണ്ണിയില്ല. ഷീജയില്ലെങ്കിൽ നളനുണ്ണിയില്ല. അത്രയ്ക്കു സ്നേഹമുള്ളൊരു സ്ത്രീയാണു ദമയന്തിറ്റീച്ചർ. തന്നെ ശുശ്രൂഷിച്ച് അവളൊരു കോലമായി. സ്കൂളിൽപ്പോകണമെന്നൊന്നും ദമയന്തിക്കു നിർബന്ധമില്ല. തന്നെ ഏതുനേരവും ശുശ്രൂഷിക്കണം എന്ന വിചാരം മാത്രം. ഭർത്താവിനെ ഇത്രയധികം സ്നേഹിക്കുന്ന ഭാര്യമാരുണ്ടോ? സ്കൂളിൽ സമയത്തിനെത്തി ജോലി ചെയ്താലല്ലേ ശമ്പളം കിട്ടൂ. അവളുടെ ശമ്പളം മാത്രമാണു ജീവിതത്തിനാധാരം. വീട്ടുചെലവുകൾ നടക്കണം. തന്റെ മരുന്നിനുള്ള പണം



വേണം. ക്യാൻസർ മരുന്നുകൾക്കു വലിയ വിലയാണ്. സാധാരണമരുന്നുകളെക്കാളും വില കൂടും അർബുദമരുന്നിന്. ദമയന്തിക്കീമാസത്തെ ശമ്പളം കിട്ടാറായി. അത്രയും ആശ്വാസം. ഒരു ദീർഘനിശ്വാസം വിട്ടിട്ട് നളനുണ്ണി ബഡ്ഡിൽക്കയറിക്കിടന്നു.

അന്നു സ്കൂളിലെത്തിയ ദമയന്തിറ്റീച്ചർ പ്രസന്നവദനയായിരുന്നു.

"ഭർത്താവിനെങ്ങനെയുണ്ട് റ്റീച്ചറെ?" ശ്രീധരൻമാഷ് ചോദിച്ചു.

"വളരെ ആശ്വാസമുണ്ട് സാറെ."

"അതാ ഇന്നു റ്റീച്ചറുടെ മുഖത്തൊരു പ്രസാദം."

ദമയന്തിറ്റീച്ചർ പുഞ്ചിരിച്ചതേയുള്ളൂ.

"റ്റീച്ചറിന്നു നേരത്തേ എത്തി അല്ലേ?" ഭാനുമതിറ്റീച്ചർ ചോദിച്ചു.

"എത്തി റ്റീച്ചർ. എന്നും വൈകിയല്ലേ എത്തുന്നത്. പുള്ളിക്കാരനല്പം സുഖമുള്ളതുകൊണ്ട് വീട്ടുപണിയൊക്കെ നേരത്തേ കഴിഞ്ഞു."

"നന്നായി. ഷീജ എവിടെ?"

"ക്ലാസിലുണ്ട്. അവളെല്ലാക്കാര്യങ്ങളും പറഞ്ഞു അല്ലേ റ്റീച്ചറേ..."

"ഉവ്വ്. മോളു മിടുക്കിയാണു റ്റീച്ചറേ."

"പാവമാ റ്റീച്ചറേ എന്റെ മോള്. അച്ഛനസുഖം കൂടിയാൽ എന്റെ കുട്ടിക്കു മനസ്സിനു വിഷമമാ."

"ശരിയാ റ്റീച്ചറു പറഞ്ഞത്. നമ്മളെ കൂടുതൽ സ്നേഹിക്കുന്ന കുട്ടികൾ അങ്ങനെയാ. ഷീജ ഒരു ദിവസം ക്ലാസിൽ തളർന്നുവീണു."

"മനഃപ്രയാസംകൊണ്ടാണത്. അവളുടെ മനസ്സിന് പിടിച്ചു നിൽക്കാനുള്ള കരുത്തില്ല." ദമയന്തിറ്റീച്ചർ ദുഃഖിതയായി.

"ഒന്നും സാരമില്ല റ്റീച്ചറേ. എല്ലാം നേരേയാവും. ഹസ്ബന്റിനു രോഗം കുറവുണ്ടല്ലോ... പ്രാർഥിക്കുക. ഈശ്വരനോട്..." ഭാനുമതിറ്റീച്ചർ പറഞ്ഞു.

"അതേ. ദൈവമാണു നമുക്കാശ്രയം."

* * *

നളനുണ്ണി എണീറ്റ് അടുക്കളയിൽച്ചെന്നു ഭക്ഷണമെടുത്തു. ചോറും കറികളും വിളമ്പിമൂടിവെച്ചിട്ടാണു ദമയന്തി സ്കൂളിൽപ്പോയത്.

ഒരു പ്ലെയിറ്റിൽ ചോറ്. സാമ്പാറ്. ചെറുപയർ തോരൻ. രണ്ടു പപ്പടം ചുട്ടത്. അത്രയുമായിരുന്നു വിഭവങ്ങൾ. നളനുണ്ണി ഊണുകഴിച്ച് കൈകഴുകി. പാത്രങ്ങൾ കഴുകിവച്ചു. അതിനവൾ വഴക്കുപറയും. വയ്യാത്ത ആൾ എന്തിനാണ് ഊണു കഴിച്ച പാത്രങ്ങൾ കഴുകി വയ്ക്കുന്നത്... ഞാൻ പിന്നെയെന്തിനാണിവിടെ തടിപോലുള്ളത്... എന്നൊക്കെപ്പറഞ്ഞ് ദമയന്തി അരിശപ്പെടും.

"സാരമില്ല. ദമയന്തീ പോട്ടെ. നീ വരുമ്പോൾ കഴിച്ച പാത്രങ്ങളൊക്കെ ഉണങ്ങില്ലേ..."

"അതിനല്പം വെള്ളമൊഴിച്ചു വച്ചാൽ മതിയായിരുന്നല്ലോ."

"നിനക്ക് എന്തിനും ഒരു ന്യായീകരണമുണ്ട്.'

"ചേട്ടാ അധികം ശരീരമനങ്ങാൻ പാടില്ല നിങ്ങൾക്ക്."

അവൾ സങ്കടപ്പെട്ടു പറയും.

താൻ അവളുടെയടുത്തു ചെന്നു കൈകൾ കൂട്ടിപ്പിടിച്ചു പറയും.

"ദമയന്തീ, നീയെന്നെ വല്ലാതെ സ്നേഹിക്കുന്നതുകൊണ്ട് നിനക്കങ്ങനെയൊക്കെത്തോന്നുന്നതാ."

"ചേട്ടാ എനിക്കു പേടിയാ ശരീരം ഒരുപാടനങ്ങിയാൽ നിങ്ങൾക്കസുഖം കൂടുമോ എന്നുള്ള പേടി..." ദമയന്തി ഗദ്ഗദകണ്ഠയായി.

"ഇല്ല പൊന്നേ... എനിക്കങ്ങനെ അസുഖം കൂടത്തൊന്നുമില്ല."

"എനിക്കും എന്റെ മോൾക്കും നിങ്ങളേ ഉള്ളൂചേട്ടാ..."

ദമയന്തി സങ്കടപ്പെടും.

(തുടരും)

# ഇന്ത്യയെ നേടാൻ ഇന്ത്യാസഖ്യത്തിനാകുമോ?

*ഒന്നാം പേജ് തുടർച്ച*

എന്നാൽ, സഖ്യത്തിൽനിന്നു മുഖംതിരിച്ച് മുഴുവൻ സീറ്റുകളിലും തൃണമൂൽ കോൺഗ്രസ് ഒറ്റയ്ക്കു മത്സരിക്കുന്ന ബംഗാളിൽ കോൺഗ്രസും ഇടതുമുന്നണിയും ഒരുമിച്ച് അവർക്കെതിരേ മത്സരിക്കേണ്ടി വരുന്നത് ബിജെപിവിരുദ്ധ വോട്ടുകൾ ചിതറിക്കും. അത് ബിജെപിയുടെ വോട്ടുവിഹിതം വർദ്ധിപ്പിക്കാൻ ഇടവരുത്തും. ഒഡീഷയും മധ്യപ്രദേശും സഖ്യത്തിനു വലിയ പ്രതീക്ഷയൊന്നും നൽകുന്നില്ല. നിയമസഭാതിരഞ്ഞെടുപ്പിലേറ്റ കനത്ത പരാജയം മധ്യപ്രദേശിൽ കോൺഗ്രസിനെ തളർത്തിയിട്ടുണ്ട്. ബിജെപിയിലെ വിമതശല്യമാണ് ഇവിടെ സഖ്യത്തിന്റെ ഏകപ്രതീക്ഷ. ഉത്തർപ്രദേശിൽ ഒരദ്ഭുതവും സഖ്യം പ്രതീക്ഷിക്കുന്നില്ല. യോഗി ആദിത്യനാഥ് തനിയെ എടുത്ത ചില തിരഞ്ഞെടുപ്പുതീരുമാനങ്ങൾ ഒരു വിഭാഗം ബിജെപി അണികളിൽ ചെറിയ അനിഷ്ടമുളവാക്കിയിട്ടുണ്ടെങ്കിലും അതൊന്നും തിരഞ്ഞെടുപ്പിൽ നിർണായകമല്ല. ഗുജറാത്തിൽ ആം ആദ്മി പാർട്ടിയുമായുള്ള സഖ്യം വോട്ടു ചിതറുന്നതു തടയുമെങ്കിലും അവിടെ മോദിപ്രഭാവത്തിനു തടയിടാനുതകുകയില്ല എന്നതു സത്യംതന്നെ. അതേ സമയം, പഞ്ചാബിൽ ആം ആദ്മിയുമൊത്തുള്ള സഖ്യം ഒരു മുന്നേറ്റത്തിനു വഴിതുറന്നേക്കാം. കേജ്‌രിവാളിനെ ജയിലിൽ അടച്ചത് തങ്ങൾക്ക് അനുകൂലമായി തിരിച്ചുവിടാൻ ഇന്ത്യാസഖ്യത്തിനു കഴിയണം; ഒപ്പം, കർഷകമുന്നേറ്റത്തെയും. കാശ്മീരിൽ സഖ്യത്തിന് ഒരു സമവായത്തിലെത്താൻ കഴിയാതിരുന്നതിനു കാരണം പ്രത്യേകപദവി റദ്ദാക്കിയതു പോലുള്ള പ്രശ്നങ്ങളൊന്നും ഗുണകരമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. ഇവിടെ നാഷണൽ കോൺഫറൻസും പിഡിപിയുമായിനേരിട്ടു പോരാടേണ്ടിവരുന്നത് വോട്ടു ചിതറൽ സംഭവിക്കാൻ കാരണമാകുന്നു. പക്ഷേ, ഒന്നുണ്ട്: ഇന്ത്യാസഖ്യം ശക്തമാകേണ്ടിയിരിക്കുന്നു. ദേശീയതാ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അത് അത്യാവശ്യമാണെന്നതുപോലെ, അധികാരഗർവിൽ ഏകാധിപത്യത്തിലേക്കു നടന്നടക്കുന്ന ഒരു ഭരണകൂടത്തിനെതിരേ ശക്തമായ പ്രതിപക്ഷം ഉണ്ടാവേണ്ടത് അനിവാര്യമാണ്. കാരണം, ഭരണഘടന മാറ്റിയെഴുതും എന്നതുപോലുള്ള ചില പ്രഖ്യാപനങ്ങൾ ഇപ്പോൾ ഒറ്റപ്പെട്ട നാവുകളിൽനിന്നാണെന്നു തോന്നുമെങ്കിലും അതൊരു യാഥാർഥ്യത്തിലേക്കുള്ള വഴിത്താരയിലെ പദചലനങ്ങളാവാം.

**29** കുടുംബവിളക്ക്

# വിജ്ഞാനം



**ഫാ. തോമസ് പാട്ടത്തിൽചിറ CMF**

**വി**ജ്ഞാനത്തെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. വിദ്യ വിലമതിക്കാനാവാത്ത ഒരു നിധിയാണ്. അത് കൈവശമുള്ളവർക്ക് അലയേണ്ടതായി വരില്ല. അറിവ് ആരെയും അഗതികളോ അനാഥരോ ആക്കില്ല. വിവരവും വിദ്യാഭ്യാസവുമൊക്കെ ഉള്ളവരെയാണ് ഇന്നത്തെ ലോകം ആദരിക്കുന്നതും ആശ്രയിക്കുന്നതും. അറിവില്ലാത്തവരെ ആരും അന്വേഷിച്ചെന്നു വരില്ല. ജ്ഞാനത്തിന്റെ മാഹാത്മ്യത്തെപ്പറ്റി വാതോരാതെ വർണിക്കുന്ന 'ജ്ഞാനം' എന്ന പേരോടുകൂടിയ ഒരു പുസ്തകംതന്നെ വേദഗ്രന്ഥത്തിലുണ്ട്. കുടുംബങ്ങളിൽ കണിശമായും വായിക്കപ്പെടേണ്ട ഒന്നാണത്. ദൈവാത്മാവിന്റെ വരദാനങ്ങളിൽ ഒന്നാണ് ജ്ഞാനം. അറിവിന്റെ ഉറവിടമായ ദൈവത്തെ അറിയുക എന്നതാണ് സർവപ്രധാനം. ദൈവം അറിവാണ്, അക്ഷരമാണ്. അതുകൊണ്ടുതന്നെ, വിശ്വാസസംബന്ധമായ വിജ്ഞാനത്തിനാണ് മുൻതൂക്കം. അതോടൊപ്പം, ഭൗതികവിഷയങ്ങളിലുള്ള പരിജ്ഞാനവും പ്രാവീണ്യവും അത്യന്താപേക്ഷിതമാണ്. വിശ്വാസം ഒരുവനെ സ്നേഹസമ്പന്നനും വിജ്ഞാനം സേവനതത്പരനുമാക്കി മാറ്റണം. വിശ്വാസത്തിൽ പ്രബലവും വിജ്ഞാനത്തിൽ പ്രബുദ്ധവുമായ തലമുറയുണ്ടാകണം.

വെറുതേ ജീവിക്കുമ്പോഴല്ല, അറിവുള്ളവരായി ജീവിക്കുമ്പോഴാണ് മനുഷ്യായുസ്സിന് അഴകും അർഥവുമുണ്ടാകുക. അറിവ് അക്ഷയഖനിയാണ്. അതിന്റെ പ്രസക്തിയും പ്രയോജനവും എവിടെച്ചെന്നാലുമുണ്ടാകും. വാർധക്യത്തിലും വിദ്യാർഥിയാകാൻ കഴിയണം. മക്കളെ പഠിപ്പിക്കുന്ന കാര്യത്തിൽ മാതാപിതാക്കൾക്കു രണ്ടുതരത്തിലുള്ള മനോഭാവങ്ങൾ കൈക്കൊള്ളാം. ആദ്യത്തേത്, 'ഞങ്ങൾ അധികമൊന്നും പഠിച്ചില്ല. എന്നിട്ടും ജീവിക്കുന്നില്ലേ? മക്കളും അങ്ങനെയൊക്കെ മതി' എന്നതാണ്. രണ്ടാമത്തേത്, 'ഞങ്ങൾക്കോ കാര്യമായി പഠിക്കാൻ കഴിഞ്ഞില്ല. മക്കൾക്കെങ്കിലും ആ അവസ്ഥയുണ്ടാകരുത്' എന്നതാണ്. ഇവയിൽ രണ്ടാമത്തേതിനേ മക്കളെ വിജ്ഞരാക്കാൻ സാധിക്കൂ. കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള പഠനമേഖലകൾ തിരഞ്ഞെടുക്കാൻ അവരെ സഹായിക്കണം. ഒപ്പം, അവർക്കു പഠിക്കാനുള്ള സാഹചര്യവും ഭവനത്തിൽ ഒരുക്കിക്കൊടുക്കണം? അറിവിനെ ആദരിച്ചാൽ അതു നമ്മെ ആദരണീയരാക്കും. "നീ പഠിച്ചിട്ടിപ്പോൾ ആരാകാനാ?" എന്ന് ആരും ആരോടും ചോദിക്കാതിരിക്കട്ടെ. ഓർക്കണം, വീടുകൾ വിദ്യാലങ്ങളാകണം.

*"ജ്ഞാനം തേജസ്സുറ്റതാണ്. അതു മങ്ങിപ്പോവുകയില്ല' (ജ്ഞാനം. 6:12)*

# ത്യാഗത്തിന്റെ ഇതിഹാസം

**സ്വാതന്ത്ര്യസമരസേനാനിയും തിരുവിതാംകൂറിന്റെ പ്രഥമ നിയമസഭാസ്പീക്കറുമായിരുന്ന യശഃശരീരനായ ശ്രീ ആർ. വി. തോമസിന്റെ 125 –ാം ജന്മവാർഷികവേളയിൽ, ഡോ. സിറിയക് തോമസ് തന്റെ പിതാവിനെ അനുസ്മരിക്കുന്നു:**



ഡോ. സിറിയക് തോമസ്

**അ**പ്പൻ ഞങ്ങൾക്ക് അപ്പച്ചനും അമ്മ അമ്മച്ചിയുമായിരുന്നു. രണ്ടുപേരും കടുത്ത കോൺഗ്രസ്സുകാരും സ്വാതന്ത്ര്യസമരസേനാനികളും. വെളുത്ത ഖദർ വസ്ത്രങ്ങളിലല്ലാതെ അവരെ കണ്ട ഓർമയില്ല. ഞങ്ങൾ ആൺമക്കൾക്കും അതുതന്നെയായിരുന്നു ഡ്രസ്കോഡ്. ഇന്നും അതുതന്നെ. പെൺമക്കൾക്ക് പക്ഷേ, അവർ ഇളവനുവദിച്ചു. കോട്ടൺ ആവാം. കരയുള്ളതോ ഇല്ലാത്തതോ ആയ ഖദർമുണ്ടും വെളുത്ത ഖദർ ജൂബയും കഴുത്തു ചുറ്റിയിട്ടിരുന്ന കരയുള്ള ഖദർഷാളുമായിരുന്നു അപ്പച്ചനെങ്കിൽ അമ്മച്ചിക്കു ഖദർമുണ്ടും ചട്ടയും കറുത്ത കരയുള്ള ഖദർഷാളുമായിരുന്നു പഥ്യം. പള്ളിയിൽപ്പോകുമ്പോൾമാത്രം കരയില്ലാത്ത വെള്ള ഖദർഷാളാവും ധരിക്കുക. മരിക്കുംവരെ രണ്ടുപേരും ഖദർവ്രതത്തിൽനിന്നു മാറിയതുമില്ല. മക്കളെയും അതിനനുവദിച്ചതുമില്ല.

അപ്പച്ചനെപ്പറ്റിയുള്ള ഏറ്റവും മധുരമായ ഓർമ എനിക്കു മൂന്നോനാലോ വയസ്സുള്ളപ്പോഴാണ്. എന്തോ കുസൃതി കാട്ടിയതിനാവണം അമ്മ അടിക്കാനായി വടിയുമായി എന്നെ ഓടിക്കുകയാണ്. അപ്പച്ചൻ ചാരുകസേരയിലിരുന്നു പത്രം വായിക്കുന്നു. ഞാൻ അപ്പച്ചന്റെ കസേര ചുറ്റി ഓടിയിട്ടും അമ്മച്ചി പിൻമാറിയില്ല. മാറി ഓടിയതോടെ എനിക്കും അടവു തെറ്റി. മുന്നിൽ ഭിത്തി. രക്ഷപ്പെടാൻ വഴിയില്ലാതായതോടെ ഭിത്തിയിൽ ചാരി ഞാൻ തിരിഞ്ഞുനിന്നു. എന്നിട്ടു സർവശക്തിയുമെടുത്തു ശബ്ദമുയർത്തി മുദ്രാവാക്യം വിളിച്ചു: “അമ്മേ ഗോബായ്ക്ക്.” അപ്പച്ചന്റെ അനുയായികൾ അക്കാലത്തു സ്ഥിരമായി ജാഥകളിൽ വിളിച്ചുകേട്ടിരുന്ന ‘സർ സി.പി. ഗോബായ്ക്കി’ന്റെ ഓർമയിൽ വിളിച്ചുപോയതാവണം. കസേരയിൽനിന്ന് അപ്പച്ചന്റെ ഉറക്കെയുള്ള പൊട്ടിച്ചിരിയിൽ അമ്മച്ചിക്കും ചിരിപൊട്ടി. കോപമലിഞ്ഞു. ‘ഏലിക്കുട്ടീ, അവനെ വിട്ടേക്കൂ’ എന്ന് കേന്ദ്ര ഇടപെടൽകൂടി ഉണ്ടായതോടെ അമ്മച്ചിയും അയഞ്ഞു. ‘ഇവനെക്കൊണ്ടു ഞാൻ തോറ്റു’ എന്ന ആത്മഗതത്തോടെ അമ്മച്ചി അടുക്കളയിലേക്കു പിൻമാറിയതോടെ ഞാൻ പതിയെ അപ്പച്ചന്റെ കസേരയിലേക്കു ചേർന്നുനിന്നു. അപ്പച്ചൻ എന്നെ മടിയിലേക്കിരുത്തി, അമ്മച്ചി കേൾക്കാതെ ചിരിയോടെ പറഞ്ഞു: “മിടുക്കൻ.” ജീവിതത്തിൽ എനിക്ക് ഇന്നേവരെ കിട്ടിയതിൽ ഏറ്റവും വലിയ പുരസ്കാരവും പ്രശംസയും അതാണെന്നു ഞാൻ കരുതുന്നു. സ്വന്തം അപ്പനിൽനിന്നുള്ള മെരിറ്റ് സർട്ടിഫിക്കറ്റ്!

അടുത്തത് അഭിമാനപർവം. സ്വാതന്ത്ര്യലബ്ധിയെത്തുടർന്നുള്ള രാഷ്ട്രീയമാറ്റങ്ങളുടെ ഫലമായി 1948 ഡിസംബറിലാണ് തിരുവിതാംകൂർ നിയമസഭയുടെ പ്രസിഡന്റായി (സ്പീക്കർ) അപ്പച്ചൻ തിരഞ്ഞെടുക്കപ്പെടുന്നത്. എതിരില്ലാതെയാണ് സ്പീക്കറായത്. തുടർന്ന് പാലായിൽ ജനങ്ങളുടെ വകയായി അലങ്കരിച്ച ഹംസരഥത്തിൽ പൗരസ്വീകരണവും. സ്വീകരണജാഥ കാണാൻ കൊട്ടാരമറ്റം ജംഗ്ഷനിലെ വഴിയോരത്തു ഞങ്ങൾ കാത്തുനില്ക്കുമ്പോഴാണ് അപ്പച്ചൻ ഞങ്ങളെ കാണുന്നത്. രഥം നിന്നു. ആരോ ഞങ്ങളെ – എന്നെയും ജ്യേഷ്ഠൻ ജോർജുകുട്ടിയെയും പിതൃസഹോദരപുത്രനായ മാത്യൂസിനെയും – രഥത്തിലേക്ക് എടുത്തുകയറ്റി. അപ്പച്ചൻ ഞങ്ങളെ രഥത്തിലെ അലങ്കാരക്കസേരയിലിരുന്നു കൈകൊണ്ടു ചേർത്തുപിടിച്ചു. ജന്മദേശം നൽകുന്ന രാജകീയസ്വീകരണവേളയിൽ മക്കളും കൂടെ ഉണ്ടായതിന്റെ അഭിമാനം അപ്പച്ചനും ഉണ്ടായിരുന്നിരിക്കണം. ആനയും അമ്പാരിയും മുത്തുക്കുടകളും ഒക്കെച്ചേർന്ന സ്വീകരണം ഞങ്ങളും ആസ്വദിച്ചു. പാലായുടെ രാജവീഥികളിലൂടെയുള്ള ഞങ്ങളുടെ അവിസ്മരണീയമായ ഒരു രഥയാത്ര!



പിന്നീടുള്ള മൂന്നു നാലുവർഷങ്ങൾ തിരുവനന്തപുരത്തായിരുന്നു. ഞങ്ങളുടെ താമസവും വിദ്യാഭ്യാസവും. പാർട്ടിയിലെ തലമുതിർന്ന നേതാവും ദിവാൻ സർ സി.പി. നിയമസഭാ ഡെപ്യൂട്ടി പ്രസിഡന്റുസ്ഥാനത്തുനിന്ന് ഉദ്യോഗസ്ഥഭൂരിപക്ഷം ഉപയോഗിച്ചു നീക്കം ചെയ്ത പ്രഗല്ഭ നിയമജ്ഞനുമായിരുന്ന ടി.എം. വർഗീസ് ഒരു പ്രത്യേക രാഷ്ട്രീയസാഹചര്യത്തിൽ മന്ത്രിസഭയിൽനിന്നു മാറ്റിനിർത്തപ്പെട്ടപ്പോൾ ഒരു ‘കാവ്യനീതി’ നിവർത്തിയാക്കാനായി തനിക്കു കുറച്ചു കാലത്തേക്കെങ്കിലും സ്പീക്കറായാൽ കൊള്ളാമെന്ന ആഗ്രഹം പ്രകടിപ്പിച്ചതോടെ തിരുവിതാംകൂർ – കൊച്ചി സംയോജനത്തിന്റെ സന്ദർഭത്തിൽ ഒരു രാഷ്ട്രീയവിവാദത്തിനും ഇടംകൊടുക്കാതെ പദവിയിൽ ഒരു വർഷംപോലും തികയുംമുമ്പേ അപ്പച്ചൻ സ്പീക്കർപദവി ടി.എം. വർഗീസിനായി ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. സംസ്ഥാന സംയോജനത്തിന്റെ പേരിൽ പദവിക്കുവേണ്ടി അവകാശമുന്നയിക്കരുതെന്ന് കൊച്ചി നിയമസഭയുടെ സ്പീക്കറായിരുന്ന പ്രഫ. എൽ.എം. പൈലിയോട് അഭ്യർത്ഥിക്കാൻ അന്നത്തെ മുഖ്യമന്ത്രി പറവൂർ ടി.കെ. നാരായണപിള്ള ചുമതലപ്പെടുത്തിയതും അപ്പച്ചനെത്തന്നെ. മൂന്നാമതൊരാളെ സ്പീക്കറാക്കുന്നതിന് എഴുതിയ കരാറോ എഴുതാത്ത ധാരണയോ എന്തെങ്കിലുമുണ്ടോയെന്നുള്ള ഒരു തർക്കവും ചോദ്യവും പദവിയൊഴിഞ്ഞ രണ്ടു സ്പീക്കർമാരും ഉയർത്തിയതുമില്ല. ടി.എം. വർഗീസ് തിരു-കൊച്ചി നിയമസഭാസ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടതും എതിരില്ലാതെയായിരുന്നു. മന്ത്രിസഭാപുനഃസംഘടനയിൽ കൊച്ചിയുടെ പ്രതിനിധിയായി പ്രഫ. എൽ.എം. പൈലിയെക്കൂടി ഉൾപ്പെടുത്തണമെന്ന് മുഖ്യമന്ത്രി പറവൂർ ടി.കെ.യെ നിർബന്ധിച്ചതും അപ്പച്ചനായിരുന്നുവെന്നു പില്ക്കാലത്ത് എ.പി. ഉദയഭാനുവാണ് വെളിപ്പെടുത്തിയത്.

വീണ്ടും ത്യാഗം ചെയ്യാനായിരുന്നു അപ്പച്ചനു വിധിനിയോഗമെന്നു പറയണം. സംസ്ഥാനത്ത് ആദ്യത്തെ പബ്ളിക് സർവീസ് കമ്മീഷൻ രൂപീകരിക്കാനുള്ള നിർദേശമുണ്ടായപ്പോൾ ചെയർമാൻസ്ഥാനത്തേക്ക് അപ്പച്ചനെയാണ് മുഖ്യമന്ത്രി പറവൂർ ടി.കെ. നിർദേശിച്ചത്. അപ്പോഴാണ് ശ്രീചിത്തിരതിരുനാളിനുവേണ്ടി ഒരു വ്യവസ്ഥയും കൂടാതെ രാജപ്രമുഖപദവി വിട്ടുകൊടുത്ത കൊച്ചി മഹാരാജാവ് ഐ.സി.എസ്. കാരനായിരുന്ന തന്റെ ബന്ധു രാമവർമ തമ്പുരാനു പബ്ലിക് സർവ്വീസ് കമ്മീഷൻ ചെയർമാൻ പദവി ലഭിച്ചാൽ കൊള്ളാമെന്ന ആഗ്രഹം മന്ത്രി പനമ്പള്ളി ഗോവിന്ദമേനോൻവഴി മുഖ്യമന്ത്രിയെ അറിയിച്ചത്. സംയോജനസമയത്ത് അങ്ങനെയൊരു വ്യവസ്ഥയും കൊച്ചിരാജാവ് പറഞ്ഞതായി വി.പി. മേനോൻ പറഞ്ഞിട്ടില്ലെന്നു മുഖ്യമന്ത്രി നിലപാടു പറഞ്ഞെങ്കിലും കൊച്ചിത്തമ്പുരാന്റെ ആഗ്രഹം തള്ളിക്കളയുന്നതിലെ അനൗചിത്യം മന്ത്രിസഭയിലും ചർച്ചയായി. തനിക്കു സർക്കാർ ഉദ്യോഗപദവിയിൽ താത്പര്യമില്ലെന്നും സജീവരാഷ്ട്രീയത്തിൽ തുടരാനാണിഷ്ടമെന്നും അപ്പച്ചനും വ്യക്തമാക്കി. മൂന്നംഗ പി.എസ്.സി. ചെയർമാൻ സ്ഥാനം രാമവർമ തമ്പുരാനു നൽകുകയും ചെയ്തു. എന്നാൽ, തനിക്കുവേണ്ടി സ്ഥാനമൊഴിഞ്ഞ ആർ.വി. തോമസിനു പിന്നീട് പി.എസ്.സി. ചെയർമാൻപദവും വിട്ടുകൊടുക്കേണ്ടിവന്നുവെന്നത് ടി.എം.വർഗീസിനെ വല്ലാതെ അസ്വസ്ഥനാക്കി. അദ്ദേഹത്തിന്റെ താത്പര്യപ്രകാരമാണ് മന്ത്രി എ.ജെ. ജോണും പാർട്ടിപ്രസിഡന്റായിരുന്ന കുമ്പളത്തു ശങ്കുപ്പിള്ളയും അപ്പച്ചന്റെ ആത്മസ്നേഹിതനായിരുന്ന ജോർജ് തോമസ് കൊട്ടുകാപ്പള്ളിയെയുംകൂട്ടി അപ്പച്ചനെ കാണാനെത്തിയത്.

ഇനിയുള്ളത് അപ്പച്ചന്റെ സെക്രട്ടറിയായിരുന്ന ജനാർദനൻനായരുടെ വാക്കുകളാണ്: തനിക്ക് ഒരു സാധാരണ എം.എൽ.എ. എന്ന നിലയിൽ നിയമസഭയിൽ തുടരാൻ ഒരു പ്രയാസവുമില്ലെന്നും സജീവരാഷ്ട്രീയത്തിൽ തുടരാനാണു താത്പര്യമെന്നും ആർ.വി.സാർ അവരോടു വീണ്ടും വീണ്ടും ആവർത്തിച്ചു. ‘I don’t think government service is my cup of tea’ എന്നായിരുന്നു ജോൺ സാറിനോട് ആർ.വി. സാർ തീർത്തുപറഞ്ഞത്. പി.എസ്.സി. അംഗമായി പി.ജെ. സെബാസ്റ്റ്യനോ ചെറിയാൻ കാപ്പനോ വരട്ടെ എന്നുംകൂടി പറഞ്ഞപ്പോഴാണ് കൊട്ടുകാപ്പള്ളി അവസാന അടവു പ്രയോഗിച്ചത്: “ആർ.വി. ഇന്നുവരെ എപ്പോഴെങ്കിലും ഏലിക്കുട്ടിയെയും മക്കളെയും പറ്റി ചിന്തിച്ചിട്ടുണ്ടോ? ഏലിക്കുട്ടി ഇന്നുവരെ ഒരു നേരമെങ്കിലും വയർ നിറച്ച് ഉണ്ടിട്ടുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ? ഉദ്യോഗം വേണ്ട എന്ന് എത്ര എളുപ്പത്തിൽ പറയാൻ കഴിഞ്ഞു.” കൊട്ടുകാപ്പള്ളിയുടെ അപ്രതീക്ഷിതവാക്കുകൾ അപ്പച്ചനെ സ്തബ്ധനാക്കിയെന്നു ജനാർദനൻനായരുടെ സാക്ഷ്യം. എ.ജെ. ജോണിനു നേരേ നോക്കുമ്പോൾ, അപ്പച്ചന്റെ കണ്ണുകൾ നിറഞ്ഞിരുന്നുവെന്നും ജനാർദനൻനായർ. മുഖ്യമന്ത്രിയുടെ ഇഷ്ടംപോലെ ആയിക്കോട്ടെ എന്ന് അപ്പച്ചൻ അപ്പോൾത്തന്നെ സമ്മതവും പറഞ്ഞുവെന്നും ജനാർദനൻനായർസാർ സാക്ഷ്യപ്പെടുത്തുന്നു.

പി.എസ്.സി. അംഗത്വവും മാസശമ്പളവുമൊന്നും സാമ്പത്തികഭദ്രതയ്ക്കു സഹായകരമായില്ല എന്നതായിരുന്നു യാഥാർഥ്യം. ഉദ്യോഗത്തിൽപോയാലും അപ്പച്ചനു കടം കൂടുകയേ ഉള്ളൂവെന്നു വാദിച്ചത് തന്റെ വിശ്വസ്ത രാഷ്ട്രീയശിഷ്യനായിരുന്ന പ്രഫ. കെ.എം. ചാണ്ടിയാണ്. ഓരോരോ കാര്യങ്ങൾക്കായി തിരുവനന്തപുരത്തുവരുന്ന പഴയ സഹപ്രവർത്തകർക്കു വീട്ടിൽത്തന്നെ ആതിഥ്യമരുളുന്നതായിരുന്നു അപ്പച്ചന്റെ രീതി. അതിഥികൾക്കു ഭക്ഷണം നൽകുന്ന പതിവ് അമ്മച്ചിയും മാറ്റിയില്ല. ഭർത്താവിന് ഉയർന്ന ഉദ്യോഗമായിട്ടും അമ്മച്ചിക്ക് ഒരിക്കലും വയർ നിറച്ചുണ്ണാനായതുമില്ല! കടഭാരം കൂടിയപ്പോൾ അമ്മച്ചിയും ഞങ്ങളും പാലായ്ക്കുതന്നെ തിരിച്ചുപോന്നു. പി.എസ്.സി.യിലെ കാലാവധി അവസാനിക്കാൻ ഒരു വർഷമേ പിന്നെ അവശേഷിച്ചിരുന്നുമുള്ളൂ. സാമ്പത്തികസസമ്മർദം അത്രമേൽ ഉണ്ടായിരുന്നിരിക്കണം.

1955 ജനുവരി 22 നായിരുന്നു ഹൃദയാഘാതം മൂലം 56–ാം വയസ്സിൽ അപ്പച്ചൻ അന്തരിച്ചത്. അതിനു തൊട്ടുമുമ്പത്തെ ക്രിസ്മസിന് അപ്പച്ചൻ അമ്മച്ചിക്കും ഞങ്ങൾ എട്ടുമക്കൾക്കും (ഇളയ സഹോദരിക്ക് അന്നു രണ്ടരവയസ്സുമാത്രം) അപ്പച്ചൻ പേരെഴുതി ഒപ്പിട്ടു പ്രത്യേകം പ്രത്യേകം ക്രിസ്മസ് കാർഡുകൾ പോസ്റ്റിലയച്ചശേഷമാണ് തിരുവനന്തപുരത്തുനിന്നു ക്രിസ്മസ് കൂടാൻ പാലായ്ക്കു വന്നത്. ‘ഇതെന്താ പതിവില്ലാതെ ഇത്തവണ കാർഡൊക്കെ’ എന്ന അമ്മച്ചിയുടെ ചോദ്യത്തിന് ചിരിയോടെ ‘എന്തോ അങ്ങനെ തോന്നി’ എന്നു മാത്രം മറുപടി. അന്ത്യം അടുത്തുവെന്ന എന്തെങ്കിലും തോന്നൽ അപ്പച്ചനുണ്ടായിരുന്നോ? അറിഞ്ഞുകൂടാ.

ത്യാഗത്തിന്റെ ഇതിഹാസമായിരുന്നു അപ്പച്ചന്റെ ജീവിതം. അഭിഭാഷകവൃത്തി ഉപേക്ഷിച്ചാണു രാഷ്ട്രീയത്തിലിറങ്ങിയത്. സ്വാതന്ത്ര്യസമരത്തിന്റെ പേരിൽ പലതവണ അറസ്റ്റും ജയിൽശിക്ഷയും വന്നു. എം.എൽ.സി.യായി. പാലായുടെ ആദ്യ മുനിസിപ്പൽ ചെയർമാനായി. പാലായുടെ ആദ്യ എം.എൽ.എ.യുമായി. ഇന്ത്യൻ ഭരണഘടനാനിർമ്മാണസമിതിയിൽ അംഗമായി. നിയമസഭാസ്പീക്കറായി. ആദ്യ പി.എസ്.സിയിൽ മെമ്പറായി.

ജീവിതത്തിൽ എന്നും മൂല്യങ്ങളെ മുറുകെപ്പിടിച്ചു. ആദർശങ്ങളിലുറച്ചുനിന്നു. ഒട്ടേറെപ്പദവികളിലിരുന്നിട്ടും ഒരിക്കൽപ്പോലും ഒരു അഴിമതിയും ആരോപിക്കപ്പെട്ടില്ല. കടമല്ലാതെ ഒന്നും സമ്പാദിച്ചതുമില്ല. ഇല്ലായ്മയിലും മറ്റുള്ളവരെ സഹായിക്കുന്നതിനു മടിച്ചതുമില്ല. ഉറച്ച വിശ്വാസിയായിരുന്നു എന്നും. വേദപുസ്തകത്തിൽ സങ്കീർത്തനങ്ങളായിരുന്നു പഥ്യം. എനിക്കും ഇഷ്ടം സങ്കീർത്തനങ്ങൾതന്നെ. 91–ാം സങ്കീർത്തനമായിരുന്നു അപ്പച്ചന്റെ ഏറ്റവുമിഷ്ടപ്പെട്ട വേദപുസ്തകഭാഗം. ഞാനും അതു മുടക്കുന്നില്ല. പിതൃസ്മരണയായിത്തന്നെ ഇന്നുമത് ഇടയ്ക്കിടെ വായിക്കുന്നു. ■

നോവൽ 21

# ചക്രവർത്തിനി

പാപ്പച്ചൻ കടമക്കുടി

അറ്റമില്ലാതെ പരന്നുകിടക്കുന്ന മണൽപ്പരപ്പ്. അതിനുമപ്പുറത്തൊരു പച്ചത്തുരുത്ത്. പുൽമേടുകളും മരങ്ങളും വീടുകളുമെല്ലാം ആ തുരുത്തിലുണ്ട്. അതാണു ഗ്രാമം.

കന്നുകാലികളും മനുഷ്യരുമെല്ലാം ഇടതിങ്ങിപ്പാർക്കുന്നു.

ഇന്നലത്തെ ഉറക്കച്ചടവിൽനിന്നു ഗ്രാമം ഉണർന്നുവരുന്നതേയുള്ളൂ.

രാത്രി അസഹനീയമായ തണുപ്പിന്റെ പുതപ്പൂരി നടന്നുപോയതേയുള്ളു.

അകലങ്ങളിൽ എവിടെനിന്നെല്ലാമോ വെളിച്ചം വന്നുതുടങ്ങുന്നുണ്ട്.

ഗോലാൻകുന്നുകൾ അവ്യക്തമായ മയക്കത്തിൽനിന്ന് ഉണർന്നിട്ടില്ല.

ഇന്നലെ രാത്രിയിലെ വീഞ്ഞിന്റെ കെട്ടുവിട്ടുപോകാത്ത മുഖങ്ങൾ.

വയസ്സന്മാർ കിഴക്കുനിന്നു വരുന്ന വെളിച്ചത്തിനുനേരേ കുന്തിച്ചിരുന്നു സംസാരിച്ചുകൊണ്ടു കുളിരിനെ അകറ്റുവാൻ ശ്രമിക്കുന്നു.

തലയിലും ഒക്കത്തും കുടങ്ങളുമായി യുവതികൾ ഉറുമ്പുകളെപ്പോലെ നിരനിരന്നു നടന്നുതുടങ്ങി; അങ്ങകലെയുള്ള കിണറുകൾതേടി ചറപറ ചിലച്ചുകൊണ്ട്.

കുട്ടികൾ അവരോടൊപ്പം ഓടിയും വീണും കളിച്ചും കരഞ്ഞും നടത്തത്തെ തടസ്സപ്പെടുത്തുന്നു. പക്ഷേ, അവരതു ശ്രദ്ധിക്കുന്നതുപോലുമില്ല. പിന്നാലേ വന്ന് ചേലത്തുമ്പിൽ പിടിത്തമിട്ട ഒരു കുഞ്ഞിനെ അമ്മ ദേഷ്യത്തോടെ തള്ളിയാട്ടുന്നു.

"പോടാ അസത്തേ..."

അമ്മയുടെ ശകാരത്തിന് ഒരു നിമിഷം ചെവികൊടുത്ത് അവൻ അല്പനേരം നിന്നു. പിന്നെ യാതൊന്നും സംഭവിക്കാത്തതുപോലെ മറ്റു കുട്ടികൾക്കൊപ്പം ചേർന്നു.

കാലിമേയ്ക്കുന്ന വടികളും കൈയിലെടുത്ത് മധ്യവയസ്കരും യുവാക്കളും യാത്രയ്ക്കുള്ള പുറപ്പാടിലാണ്. അവരുടെ തോൽഭാണ്ഡങ്ങളിൽ വിശപ്പും ദാഹവും അകറ്റാനുള്ള ആഹാരവും വെള്ളവുമാണെന്നു തോന്നുന്നു.

ആടുമാടുകൾ ഇടയന്മാരുടെ വായ്ത്താരിയെക്കാൾ കൂടുതൽ ഉച്ചത്തിൽ കരഞ്ഞുകൊണ്ടാണ് യാത്രതുടങ്ങുന്നത്.

ഒരു ഉല്ലാസസവാരിയുടെ ആരംഭത്തിന്റെ ഉത്സാഹമാണിത്. ഇനിയെത്ര ദൂരം ചെന്നിട്ടുവേണം പുൽമേടുകളിൽ എത്തിച്ചേരാൻ.

ശത്രുക്കളുടെയും കുറുക്കന്മാരുടെയും വരവറിഞ്ഞു മുന്നറിയിപ്പു നൽകാനായി വളർത്തുനായ്ക്കളുമുണ്ട് അവരോടൊപ്പം.

പ്രഭാതത്തിന്റെ ഇത്തരം ഗ്രാമക്കാഴ്ചകൾക്കിടയിലേക്കാണ് നഗരത്തിന്റെ കൃത്രിമത്വത്തെ പിന്നിലാക്കി രാജ്ഞിയുടെ പ്രധാനഷണ്ഡനായ ഹഗായിയുടെ കുതിരവണ്ടി ഗ്രാമകവാടത്തിൽ എത്തിയത്.

മുഖ്യസചിവന്റെ ഉത്തരവുണ്ട്.

രാജ്ഞി താമസസ്ഥലത്തുനിന്നു തിരിച്ചുപോന്നതിനുപിന്നാലെ മൊർദെക്കായിയും കൊട്ടാരത്തിൽവന്നു.

അധികം വൈകാതെ ഹഗായിയെ വിളിപ്പിച്ചു.

അവൻ പ്രധാനസചിവനെ വണങ്ങി.

"അടിയൻ."

"എന്തോ തിടുക്കത്തിലാണല്ലോ നീ."

ഹഗായിയുടെ കെട്ടുംമട്ടും ഭാവവും കണ്ടപ്പോൾ മൊർദെക്കായി ചോദിച്ചു.

"അതേ, മഹാരാജ്ഞിയുടെ കല്പനയുണ്ട്. വേഗംതന്നെ അന്വേഷിച്ചുപോവുകയാണു ഞാൻ."

ഹഗായ് വ്യക്തമാക്കി.

പ്രധാന സചിവൻ ഒന്നിരുത്തിമൂളി.

"രാജ്ഞി പറഞ്ഞ അതേകാര്യംതന്നെയാണ് ഞാനും നിന്നെ ഏല്പിക്കുന്നത്."

ഷണ്ഡൻ തലകുനിച്ചു സമ്മതിച്ചു.

എത്രയും വേഗം പൊയ്ക്കോളാം.

"പക്ഷേ, എനിക്കൊരു നിർദേശമുണ്ട്."



അവൻ കാതുകൂർപ്പിച്ചു.

"ഏതെങ്കിലും ഒരു അമ്മയെ അന്വേഷിച്ചാൽപ്പോരാ."

അവന്റെ സംശയം ബലപ്പെട്ടു. നെറ്റി ചുളിഞ്ഞു.

"ഷബാനിയുടെ ഭർത്താവ് ഏതു വംശത്തിലും പെട്ടവനാകട്ടെ. അവൻ മരിച്ചുപോയില്ലേ? അതുകൊണ്ട് ഷബാനിയെപ്പോലെ അവളുടെ കുഞ്ഞും യൂദയാവംശക്കാരനായി വളരണം."

മറ്റൊന്നും പറയാതെ അവൻ ശ്രദ്ധയോടെ നിന്നു.

"നീമാത്രമേ ഈ നഗരത്തിൽ അഷൂറിയെ കണ്ടിട്ടുള്ളൂ. അറിഞ്ഞിട്ടുള്ളൂ. ഇനി മേലിലാരും അക്കാര്യം അറിയുകയുമില്ല. അറിയരുത്."

മൊർദെക്കായി കർശനമായി വിലക്കി.

"അതിനാൽ അവളുടെ കുഞ്ഞിനു മുലകൊടുക്കാൻ യഹൂദസ്ത്രീ മതി. മനസ്സിലായില്ലേ?"

പ്രധാന സചിവന്റെ ഗൗരവവും അധികാരവും മുഴങ്ങുന്ന വാക്കുകൾ.

ഗ്രാമകവാടത്തിൽ നിറുത്തിയ കുതിരവണ്ടിയിൽനിന്ന് ഹഗായ് പുറത്തിറങ്ങി. കുതിരക്കാരൻ വണ്ടിക്കകത്തുതന്നെ വിശ്രമിച്ചു. ഗ്രാമത്തിലെത്തിയപാടെ അവനെ എല്ലാവരും ശ്രദ്ധിക്കാൻ തുടങ്ങി. ചില വീടുകളിൽനിന്ന് വയസ്സായ പെണ്ണുങ്ങൾ വന്നെത്തിനോക്കി.

തീകാഞ്ഞുകൊണ്ടിരുന്ന ഒരു വൃദ്ധൻ എഴുന്നേറ്റ് പതിയെ നടന്നുവന്നു ചോദിച്ചു:

"നീയാരാ?"

ഹഗായ് അയാളെനോക്കി ഹൃദ്യമായി ചിരിച്ചു.

പിന്നാലെ മറ്റു ചിലരും എത്തി.

യാത്രയ്ക്കുമുമ്പേ മഹാരാജ്ഞി ഏല്പിച്ചിരുന്ന സ്വർണ നാണയങ്ങളിൽനിന്ന് ഒരെണ്ണമെടുത്തു ഹഗായ് വൃദ്ധനു സമ്മാനമായി നല്കി.

"ദാ, ഇതു വെച്ചോളൂ"

അയാൾ അതു കയ്യിലിട്ട് തിരിച്ചുംമറിച്ചും നോക്കി.

കിഴക്കേവാനിൽമാത്രമല്ല, ആ കറുത്തുക്ഷീണിച്ച മുഖത്തും സൂര്യനുദിക്കുന്നു.

ഡാരിക്... ഡാരിക്...

വൃദ്ധൻ അറിയാതെ തുള്ളിച്ചാടി. അയാൾ അവനെ കെട്ടിപ്പിടിച്ചു. കൂടുതൽ ആഹ്ലാദത്തോടെ ചോദിച്ചു:

"എന്താണ്, എന്താ മോനേ നിനക്കുവേണ്ടത്?"

ഗ്രാമീണന്റെ സ്വരം വേഗത്തിൽ ആർദ്രമായി.

വൃദ്ധന്റെ സന്തോഷം കൂടെ വന്നവരിലും പകർന്നു. അവർ അയാളുടെ ചുറ്റിലും കൂടിനിന്നു. അവരുടെ മുഖത്തും കണ്ണുകളിലും ദാരിക്കിനോടുള്ള തിളക്കമാണ്.

"ഞാൻ കൊട്ടാരത്തിൽ നിന്നാണ്. ഒരു കാര്യം ചോദിച്ചറിയാൻ വന്നതാണ്."

കൊട്ടാരമെന്നു കേട്ടപ്പോൾ അവരുടെ ആവേശമൊക്കെ ഒട്ടൊന്നൊതുങ്ങിപ്പോയി. എങ്കിലും ചോദിച്ചു:

"എന്താണ് അറിയേണ്ടത്...?"

"കൊട്ടാരത്തിലേക്ക് കുഞ്ഞിനു മുലകൊടുക്കാൻ ഒരമ്മയെ വേണം."

അല്പം ഉച്ചത്തിലാണ് ഹഗായ് അതുപറഞ്ഞത്.

പെട്ടെന്ന് കുറച്ചപ്പുറത്തെ വീടിന്റെ വാതിൽതുറന്ന് ഒരു തടിച്ചസ്ത്രീ ഇറങ്ങിവന്നു ചോദിച്ചു.

"ഞാൻ വരാം, മതിയോ?"

വൃദ്ധൻ തിരിഞ്ഞുനോക്കി. അയാൾ വായതുറന്നു ചിരിച്ചു.

"മിബ്സായല്ലേ, അവള് പറ്റും. കുഞ്ഞിനു വേണ്ടത്ര പാലുണ്ടാവും."

ഹഗായ് അതു നിഷേധിച്ചു.

"പെട്ടെന്നങ്ങനെ നിശ്ചയിക്കാനാവില്ല. ഗോത്രമറിയണം."

വൃദ്ധൻ പറഞ്ഞു:

"അതിനെന്താ മോനേ. ഞങ്ങള് ഹദാദിഗോത്രക്കാരാ."

"യൂദയാഗോത്രത്തിലെ സ്ത്രീകളാ വേണ്ടതെന്ന് രാജ്ഞിയുടെ കല്പനയുണ്ട്."

അതു കേട്ടതോടെ വൃദ്ധന്റെ ഉത്സാഹംകെട്ടു. മുഖത്തു നിരാശ പരന്നു. കുടിലിനു മുന്നിൽ നിന്നിരുന്ന സ്ത്രീ അകത്തേക്കു കയറിപ്പോയി.

"ഈ കാണുന്ന കുന്നുകടന്ന് അപ്പുറത്തെത്തിയാൽ യൂദയാഗോത്രക്കാരുണ്ട്."

വൃദ്ധൻ വഴി കാണിച്ചു.

"കുറച്ചു ദൂരമുണ്ട്."

"കുതിരവണ്ടിയിൽ അങ്ങോട്ടു സവാരി പറ്റുമോ?"

ഗ്രാമത്തിന്റെ വാതിലിൽ നിർത്തിയിട്ടിരുന്ന കുതിരവണ്ടി ചൂണ്ടിക്കാണിച്ചു ഹഗായ് ചോദിച്ചു.

"പറ്റും പറ്റും."

വൃദ്ധന്റെ പല്ലില്ലാത്ത ചിരി മുഖമാകെ ചുളിവുപടർത്തി .

"ഉപകാരമായി."

ഹഗായ് മടിശ്ശീലതുറന്ന് വൃദ്ധന് ഒരു നാണ്യംകൂടെ കൊടുത്തു. കൂട്ടത്തിൽ ചുറ്റിലും വന്നുനിന്നിരുന്നവർക്കും ഓരോന്നു സമ്മാനിച്ചു.

എല്ലാവർക്കും പരമസന്തോഷം.

നിർദേശപ്രകാരം വണ്ടിക്കാരനെത്തി. ഹഗായ് അതിൽക്കയറി ഇരുന്നു.

ഗോത്രക്കാർ അവരെ കൈവീശി യാത്രയാക്കി.

"വേഗമെത്തണം."

വെയിലിനു ചൂടുകൂടിയാൽ മണൽക്കാറ്റ് വീശും. കുതിരകൾക്കു ബുദ്ധിമുട്ടാവും.

വണ്ടിക്കാരൻ കഴിയുന്നത്ര വേഗത്തിൽ വണ്ടിയോടിച്ചു. അത്തി, ബദാം, ഗോഫർ മരങ്ങൾ, ഈന്തപ്പനകൾ, കാലിമേക്കുന്നവരുടെ പാട്ടുകൾ, വെള്ളവും തേടിപ്പോകുന്ന സ്ത്രീകളുടെ കലപിലകൾ - ഇതൊക്കെ വേഗത്തിൽ പിന്നോട്ടു തള്ളിക്കൊണ്ട് വണ്ടിപാഞ്ഞു.

അധികം താമസിയാതെ അവർ ആദ്യത്തെ വൃദ്ധൻ പറഞ്ഞിടത്തെത്തി.

ആ ഗ്രാമവാസികൾ വളരെ സംശയത്തോടെയാണ് അവരെ നോക്കിയത്. ഇടയ്ക്കിടെ അവിടെ മേദിയരുടെ ആക്രമണം ഉണ്ടാവാറുണ്ട്. ഏതെങ്കിലും ചാരനാവുമോ? പുതിയ വേഷത്തിൽ രഹസ്യങ്ങൾ ചോർത്തുന്നതിന് എത്തിയതാകുമോ? വണ്ടി ഗ്രാമകവാടത്തിൽ കടന്നസമയം തന്നെ കാവൽനിന്നിരുന്നവൻ ഒരു പ്രത്യേകശബ്ദമുണ്ടാക്കി.

എവിടെനിന്നാണെന്നറിയില്ല, ആയുധധാരികളായ അഞ്ചെട്ട് അരോഗദൃഢഗാത്രർ വണ്ടിവളഞ്ഞു. വണ്ടിക്കാരൻ ഭയന്നു. പേടിയുണ്ടെങ്കിലും ഹഗായ് ചാടിപ്പുറത്തിറങ്ങി. ശത്രുവല്ല മിത്രമാണെന്ന് ആംഗ്യം കാണിച്ചു പറയുകയും ചെയ്തു.

"ഞാൻ രാജകൊട്ടാരത്തിൽനിന്നാണ്. നിങ്ങളുടെ എസ്തേർ രാജ്ഞി പറഞ്ഞയച്ചിട്ടുവന്നതാണ്."

ചുറ്റിലുംവന്നു വളഞ്ഞവർ പെട്ടെന്ന് ശാന്തരായി.

ഒച്ചയുണ്ടാക്കിയ കാവൽക്കാരനും ഓടിവന്നു.

എന്താണ്, എന്താണ് രാജ്ഞി കല്പിച്ചത്?

കൊട്ടാരത്തിൽ രാജ്ഞിയുടെ സഹോദരിയുടെ കുഞ്ഞിനെ നോക്കാനും മുലകൊടുക്കാനും പറ്റിയ സ്ത്രീകളെ ആവശ്യമുണ്ടായിരുന്നു.

കാവൽക്കാരൻ അവരെ ഗ്രാമത്തിനുള്ളിലേക്കു നയിച്ചു.

ഗോത്രമൂപ്പന്റെ വീടിനു മുന്നിലെത്തി. വൃദ്ധനാണെങ്കിലും അരോഗദൃഢഗാത്രനാണ്. അയാൾ ഇരിക്കാൻ ആംഗ്യം കാണിച്ചു. കുടിക്കാനായി തേൻമധുരമുള്ള തണുത്തവെള്ളം പകർന്നു. ആഗതർ അവർക്കു മുന്നിൽ ഇരുന്നു.

അവരതു കുടിച്ചുകൊണ്ടിരിക്കുമ്പോൾ ഗ്രാമവാസികൾ ചർച്ചയിലായിരുന്നു.

ആ ഗ്രാമത്തിൽ ഇപ്പോൾ അകലെയല്ലാതെ നാലുസ്ത്രീകൾ പ്രസവിച്ചിട്ടുണ്ട്.

ഗ്രാമമുഖ്യൻ നാലുപേരെയും വിളിപ്പിച്ചു.

സുന്ദരികൾ. ചുവന്നുതുടുത്തമുഖം. ഗോതമ്പിന്റെ നിറം.

വൈക്കോലുപോലെ ചെമ്പിച്ച് ഇടതൂർന്ന മുടി.

"ഇവിടെ ഈ നാലുപേരുണ്ട്. ആരെയാണ് നിങ്ങൾ കൊട്ടാരത്തിലേക്ക് കൊണ്ടുപോകുന്നത്?"

യുവതികളെ ശ്രദ്ധിക്കുകയായിരുന്ന ഹഗായി ഞെട്ടിയുണർന്നു.

"മുഖ്യനാണ് നിശ്ചയിക്കേണ്ടത്. ആരെങ്കിലും ഒരാൾമതി. ബാക്കി മൂന്നു പേരിലൊരാൾ കൊട്ടാരത്തിലേക്കുവരുന്ന അമ്മയുടെ കുട്ടിക്കു മുലകൊടുക്കണം."

ഹഗായ് നിർദേശിച്ചു. ഗ്രാമമുഖ്യൻ എതിർത്തില്ല.

ആ അമ്മയുടെ ചെലവുകൾക്കും കൊട്ടാരത്തിൽനിന്നു പ്രതിഫലംകിട്ടും.

അതുകേട്ടപ്പോൾ എല്ലാവർക്കും സന്തോഷമായി.

ഗ്രാമമുഖ്യൻ തിരഞ്ഞെടുത്ത ഒരമ്മയും സഹായിയുമടക്കം രണ്ടുപേർ കൊട്ടാരത്തിലേക്കു പോകാൻ തയ്യാറായി. മുഖ്യൻ എല്ലാവർക്കുംവേണ്ട നിർദേശങ്ങൾ നല്കി.

കൊട്ടാരത്തിലേക്കു വരുന്ന അമ്മയുടെ കുട്ടിയെ മുലകുടിപ്പിക്കാൻ സമ്മതിച്ച അമ്മയ്ക്കുള്ള താത്കാലികസഹായം സ്വർണനാണയങ്ങളായി ഗ്രാമമുഖ്യനു കൈമാറി.

ഗ്രാമംകടന്ന് പ്രധാനവഴിവരെ സായുധകാവലോടെ ഗ്രാമയുവാക്കൾ കുതിരവണ്ടിയെ അകമ്പടി സേവിച്ചു.

ഇടയ്ക്കിടെ അപ്രതീക്ഷിതമായി ശത്രുഗോത്രങ്ങളുടെ ആക്രമണങ്ങൾ ഉണ്ടാകുന്നതുകൊണ്ടാണ് ഗ്രാമത്തലവൻ കാവൽസേനയെ ഹഗായോടൊപ്പം വിട്ടതത്രേ.

(തുടരും)



ഡോ. ജസ്റ്റിൻ തോമസ്

# പ്രേമബന്ധത്തിന്റെ കുരുക്കിൽപ്പെട്ടവർ

കൗൺസലിങ് കോർണർ

“സങ്കടമുണ്ട്, പെട്ടുപോയതാണ്” ഇത് രഘുവിന്റെ വാക്കുകൾ (പേരു മാറ്റിയിരിക്കുന്നു) രഘു ഡിഗ്രി ഒന്നാംവർഷം പഠിക്കുമ്പോഴാണ് കോളജിന് അടുത്തുള്ള ലേഡീസ് ഷോപ്പിൽ ജോലി ചെയ്തിരുന്ന വൈഷ്ണവിയെ (പേരു മാറ്റിയിരിക്കുന്നു) പരിചയപ്പെട്ടത്. ഒരു സാധാരണ സെയിൽസ് ഗേളിനപ്പുറത്ത് ഒത്തിരി പ്രത്യേകതയുള്ള പെൺകുട്ടി. പാർട്ട് ടൈം ആയി അവൾ ഡിഗ്രിപഠനം നടത്തിയിരുന്നു. വീട്ടിൽ സാമ്പത്തികമായി വലിയ പ്രശ്നങ്ങളൊന്നുമില്ല. സ്വന്തമായി നാലു കാശുണ്ടാക്കണമെന്ന ആഗ്രഹത്താൽ ജോലി ചെയ്യുന്നു. ഇവർ പ്രണയത്തിലാവുന്നു. രഘുവിന്റെ ഡിഗ്രി അവസാനവർഷ പരീക്ഷ നടക്കുമ്പോൾ പെൺകുട്ടി അവനെ പെട്ടെന്നു കാണണമെന്ന് ആവശ്യപ്പെടുന്നു. അവരുടെ കൂടിക്കാഴ്ചയിൽ അവളൊരു കാര്യം പറഞ്ഞു: “നമ്മുടെ വിവാഹം നടക്കില്ല.” “എനിക്കു നിന്നെ പിരിയാൻ പറ്റില്ല.” “നമുക്ക് ആത്മഹത്യ ചെയ്യാം.” ഓർക്കാപ്പുറത്തുള്ള പെൺകുട്ടിയുടെ വാക്കുകൾ രഘുവിനെ രോഷാകുലനാക്കി. അവൻ പൊട്ടിത്തെറിച്ചു. എന്നാൽ, വൈഷ്ണവി വളരെ ശാന്തമായി പെരുമാറി. അടുത്തു തന്നെ ഒരുദിവസം കാണാമെന്നു പറഞ്ഞവർ പിരിഞ്ഞു. രഘുവിന്റെ മനസ്സിടിഞ്ഞു. പഠിക്കാൻ പറ്റുന്നില്ല. അവസാന വർഷ പരീക്ഷയാണ്. മാനസിക സംഘർഷം പാരമ്യത്തിലെത്തി. പല പരീക്ഷയും എഴുതിയില്ല. ഇവർ രണ്ടുപേരും ഫോണിൽ വഴക്കടിക്കുന്നതു പതിവായി. പതിനഞ്ചു ദിവസങ്ങൾക്കു ശേഷം അവർ വീണ്ടും കണ്ടു. വൈഷ്ണവി രഘുവിനോടു വളരെ സ്നേഹപൂർവം അന്നു പെരുമാറി. അവൾ പറഞ്ഞു: “നീ ടെൻഷൻ അടിക്കാനല്ല മരിക്കുന്നതിനെക്കുറിച്ചു പറഞ്ഞത്. നമ്മൾ ഒരുമിച്ചു മരിച്ചാൽ നമുക്കെന്നും ഒരുമിച്ചിരിക്കാം. അതിനാണ്.” കഴിഞ്ഞ പതിനഞ്ചു ദിവസങ്ങൾകൊണ്ട്, പരീക്ഷയെഴുതാൻ പറ്റാതെ വന്ന, കുടുംബത്തെ വഞ്ചിക്കുന്നു എന്നു തോന്നിയ രഘു ഈ പ്രാവശ്യം അവളെ ശ്രദ്ധയോടെ കേട്ടിരുന്നു, ഒരുമിച്ചു മരിക്കാനുള്ള അർധസമ്മതത്തോടെ.

പഠനത്തിലും ജോലിയിലും ഒട്ടും ശ്രദ്ധ നൽകാതെ രഘുവും വൈഷ്ണവിയും ഹോട്ടലുകളിൽ റൂമെടുത്ത് ലഹരിയുപയോഗിച്ച് ആത്മഹത്യയ്ക്കായുള്ള പദ്ധതി തയ്യാറാക്കി. ടൂ വീലർ ലോറിയിലേക്കിടിച്ചുകയറ്റി മരിക്കുക. അതും വൈഷ്ണവി തന്നെ നിർദേശിച്ചു. രഘു അംഗീകരിച്ചു. നാലു മാസങ്ങൾക്കുശേഷം അവർ മുൻകൂട്ടി നിശ്ചയിച്ച ദിവസം ഒരമ്പലത്തിലും പള്ളിയിലും പോയി പ്രാർഥിച്ചതിനുശേഷം അവർ കൃത്യം നിർവഹിച്ചു. രണ്ടുപേരും മരിച്ചില്ല. പെൺകുട്ടിക്ക് ഒരു പോറലുപോലുമേറ്റില്ല. രഘു അബോധാവസ്ഥയിൽ കേരളത്തിലെ ഒരു മെഡിക്കൽ കോളജിൽ 28 ദിവസം കിടന്നു. രണ്ടു മാസങ്ങൾക്കുശേഷം ഹോസ്പിറ്റലിൽനിന്നു പുറത്തിറങ്ങിയ രഘുവിന്റെ വാട്സാപ്പിൽ വൈഷ്ണവിയുടെ മെസേജ് വന്നു: “ഗുഡ്ബൈ, ജീവിതത്തെ സീരിയസായി കാണാത്ത ഒരാളുടെകൂടെ ഇനി ജീവിക്കാൻ



എനിക്കു താത്പര്യമില്ല. എന്റെ വിവാഹം ഉറപ്പിച്ചു.” മെസേജിനു താഴെ കല്യാണം കഴിക്കാൻ പോകുന്ന പുരുഷന്റെകൂടെ നിൽക്കുന്ന ഫോട്ടോയും അവൾ അവന് അയച്ചുകൊടുത്തു! ഈ ഒരവസ്ഥയിൽ പക വീട്ടണമെന്ന ചിന്തയുടെ കൊടുമുടിയിൽ നിൽക്കുമ്പോഴാണ് രഘു എന്നെ കാണാനെത്തുന്നത്. ഇന്നവൻ ദുബായിൽ അക്കൗണ്ടന്റായി ഭാര്യയ്ക്കും മോനുമൊപ്പം സുഖമായി ജീവിക്കുന്നു.

**എന്തുകൊണ്ട് വൈഷ്ണവി ഇങ്ങനെ പെരുമാറി?**

ഈ ഒരു ചോദ്യം രഘു കൗൺസലിങ്ങിൽ ചോദിച്ചതാണ്. ആത്മഹത്യാപ്രവണതയും ആത്മഹത്യയും മനഃശാസ്ത്രജ്ഞരും തത്ത്വചിന്തകരുമൊക്കെ പഠനവിധേയമാക്കിയ വിഷയംതന്നെ. തനാറ്റോസ് എന്ന ഗ്രീക്കുവാക്ക് മനശാസ്ത്രത്തിൽ ‘സ്വയം കൊല്ലുക, അതിനു പ്രേരിപ്പിക്കുക’ എന്ന അർഥം നൽകുന്നു. തനാറ്റോസ് എന്ന അവസ്ഥ മിക്കവരിലും ഡിപ്രഷനിൽനിന്ന് ഉടലെടുക്കുന്നതാണ്. മൂർധന്യാവസ്ഥയിലെത്തിയ ഡിപ്രഷന്റെ ഒരു പ്രധാന ലക്ഷണമാണ് ആത്മഹത്യാപ്രവണത. വൈഷ്ണവിയിൽ ആത്മഹത്യാപ്രവണത ശക്തമായി ഉണ്ടായിരുന്നു എന്നു വേണം അനുമാനിക്കാൻ. നന്നായി സംസാരിച്ചിരുന്ന അവൾ തന്റെ സംസാരരീതിയിലൂടെ രഘുവിനെയും ഡിപ്രഷനിലേക്ക് എത്തിച്ചു. ആത്മഹത്യ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്ന മാനസികാവസ്ഥ ഈ പെൺകുട്ടിക്കുണ്ടായിരുന്നു. രഘുവിന്റെ വാക്കുകളിൽനിന്നു മനസ്സിലായ മറ്റൊരു കാര്യം, ഈ പെൺകുട്ടിക്കു ചില കാര്യങ്ങളിൽ വികാരവിചാരങ്ങളെ നിയന്ത്രിക്കാൻ പറ്റിയിരുന്നില്ല എന്നതാണ്. മേൽസൂചിപ്പിച്ചവയൊക്കെ ചേർന്ന് സ്വന്തമായി മരിക്കുന്നതിലേക്കും മറ്റൊരാളെ ആത്മഹത്യ ചെയ്യാൻ പ്രേരിപ്പിക്കുന്ന കുറ്റകൃത്യമനോഭാവത്തിലേക്കും അവൾ എത്തിച്ചേർന്നു.

**എന്തുകൊണ്ട് രഘു വൈഷ്ണവിയുടെ കുരുക്കിൽപ്പെട്ടു?**

പ്രേമത്തിനു കണ്ണും കാതും ഇല്ലായെന്നു നാം സാധാരണ പറയാറുണ്ട്. ഒരു വ്യക്തി പ്രേമിക്കുമ്പോൾ ശരീരത്തിലുണ്ടാകുന്ന ഹോർമോൺ വ്യതിയാനം (ലൈംഗികവികാരങ്ങളെ ഉണർത്തുന്ന ഹോർമോണുകൾ) മറ്റു പല ഹോർമോണുകളുടെ പ്രവർത്തനങ്ങളെയും താളം തെറ്റിക്കുകയും ശരിയായ യുക്തിബോധത്തോടെ പെരുമാറാൻ വ്യക്തിക്കു കഴിയാതെവരികയും ചെയ്യും. ഈ ഒരു പ്രശ്നം പെട്ടെന്നുരുത്തിരിയുന്ന സാഹചര്യങ്ങളുടെ സമ്മർദത്തിൽ വർധിക്കും. “വിവാഹം നടക്കില്ല”, “ആത്മഹത്യ ചെയ്യാം” എന്നിങ്ങനെയുള്ള വൈഷ്ണവിയുടെ വാക്കുകൾ പെട്ടെന്നുള്ള ഷോക്കുകൾക്കു വഴിതെളിച്ചു. തന്റെ പ്രശ്നങ്ങൾ തുറന്നുപറയാൻ പറ്റുന്ന കുടുംബസംവിധാനമോ കൂട്ടുകാരോ ബന്ധുക്കളോ ഇല്ലാതിരുന്ന രഘു അർഥശൂന്യമായ ചിന്തകളിലും പ്രവൃത്തികളിലും അകപ്പെട്ടു. ഇവ അവനെ ആത്മഹത്യാചിന്തകളിലേക്കും നയിച്ചു. കൂടാതെ, രഘുവിന്റെ രണ്ടു കസിൻസും ആത്മഹത്യ ചെയ്തിട്ടുണ്ട്. രഘുവിൽ ഉറങ്ങിക്കിടന്നിരുന്ന ആത്മഹത്യയുമായി ബന്ധപ്പെട്ട വ്യക്തിത്വം ഉണർന്നിട്ടുണ്ടാവാം.

**വൈഷ്ണവി സ്വന്തം ജീവനു സുരക്ഷ ഉറപ്പുവരുത്തിയിരുന്നോ?**

ഈ സാധ്യത തള്ളിക്കളയാൻ കഴിയില്ല. പല അപകടങ്ങളിലും ഇത്തരം സംശയങ്ങൾ ഉണ്ടാകാറുണ്ട്. രഘുവുമായി സംസാരിച്ചപ്പോൾ മനസ്സിലായത്, വളരെ കട്ടിയുള്ള ജാക്കറ്റു ധരിച്ച് ഹെൽമറ്റുപയോഗിച്ച്, ഷൂസിട്ടുമാത്രമേ അവൾ ടൂവീലറിൽ രഘുവിനൊപ്പം സഞ്ചരിച്ചിട്ടുള്ളൂ എന്നാണ്. ഇവരുടെ നാട്ടിലുള്ള സ്കൂൾ ഗ്രൗണ്ടിലൂടെ പലവട്ടം ടൂവീലറിൽ ഇവർ ഒരുമിച്ചു സഞ്ചരിച്ചിരുന്നു. പുല്ലു വളർന്നു നിന്നിരുന്ന ഭാഗത്തേക്കു നാലു വട്ടം അവൾ ഓടുന്ന വണ്ടിയിൽനിന്നു ചാടിയിട്ടുമുണ്ട്. അങ്ങനെയെങ്കിൽ അവർ ആത്മഹത്യ ചെയ്യാൻ ശ്രമിച്ച ദിവസം അവൾ അവളുടെ സുരക്ഷ ഉറപ്പാക്കിയിരുന്നുവെന്നു ചിന്തിക്കണം. എങ്കിൽ, അവൾ ആത്മഹത്യാപ്രേരണ നൽകി ഒരാളെ വധിക്കാൻ ശ്രമിക്കുകയാണു ചെയ്തത്. ഇതാണു സത്യമെങ്കിൽ നേരത്തേ വൈഷ്ണവിയുടെ രോഗാവസ്ഥയെക്കുറിച്ചു സൂചിപ്പിച്ച ചില അനുമാനങ്ങളും തിരുത്തേണ്ടിവരും.

**അപകടകരമായ പ്രേമബന്ധങ്ങളിൽ പെടാതിരിക്കാൻ എന്തു ചെയ്യണം?**

പല കാരണങ്ങളാലാണ് ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ഇഷ്ടപ്പെടുന്നതും സൗഹൃദത്തിലാകുന്നതും ചില സന്ദർഭങ്ങളിൽ പ്രേമബന്ധത്തിലേക്കു കടക്കുന്നതും. മനുഷ്യർ പരസ്പരം ആകർഷിക്കപ്പെടണമെന്നുള്ളത് സ്രഷ്ടാവിന്റെ നിയമമാണ്. അതു സൃഷ്ടിയുടെ അടിസ്ഥാനവുമാണ്. ഒരു വ്യക്തിക്കു ചേരുന്ന ഇണയെ വളരെ പെട്ടെന്നു കണ്ടെത്തുന്നവരും സമയമെടുത്ത് ആലോചിച്ചു തീരുമാനത്തിൽ എത്തിച്ചേരുന്നവരുമുണ്ട്. ഈ പറഞ്ഞ തീരുമാനമെടുക്കൽ പ്രക്രിയ ഓരോ വ്യക്തിയുടെയും വ്യക്തിത്വസവിശേഷതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു വ്യക്തിയുടെ വ്യക്തിത്വസവിശേഷത എന്തുമാവട്ടെ, ജീവിതവുമായി ബന്ധപ്പെട്ട, പ്രത്യേകിച്ച് ജീവിതപങ്കാളിയെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്:

‘ലൗ അറ്റ് ഫസ്റ്റ് സൈറ്റ്’ എന്ന രീതി പലപ്പോഴും അപകടത്തിലേക്കു നയിക്കുന്നതിനാൽ ആലോചിച്ചുറപ്പിച്ചുള്ള വിവാഹത്തിന്റെ തുടക്കത്തിലെ കണ്ടുമുട്ടലുകളിലും, സൗഹൃദത്തിൽനിന്നു പ്രേമബന്ധത്തിലേക്കു കാലെടുത്തുവയ്ക്കുന്നതിനു മുമ്പും തിരക്കിട്ട തീരുമാനങ്ങളെടുക്കരുത്.

ജീവിതപങ്കാളിയെ കണ്ടെത്തുന്ന രീതി ഏതാണെങ്കിലും ശ്രദ്ധിക്കേണ്ട, മനസ്സിലാക്കേണ്ട പതിനൊന്നു കാര്യങ്ങൾ പ്രധാനമാണ്:

1. കുടുംബത്തിന്റെ കെട്ടുറപ്പ്
2. കുടുംബത്തിലെ രോഗാവസ്ഥകൾ
3. വ്യക്തിയുടെ ആരോഗ്യവും രോഗവിവരങ്ങളും.
4. വ്യക്തിയുടെ ശീലങ്ങൾ, ആഗ്രഹങ്ങൾ.
5. വ്യക്തിയുടെ കൂട്ടുകാരുടെ വിവരങ്ങൾ.
6. വ്യക്തിയുടെ ഇപ്പോഴുള്ള ആഴമായ ബന്ധങ്ങൾ.
7. വ്യക്തിയുടെ മൂല്യബോധം.
8. വ്യക്തിയുടെ എതിർലിംഗത്തിലുള്ളവരെക്കുറിച്ചുള്ള ചിന്താരീതികളും അഭിപ്രായങ്ങളും.
9. വ്യക്തിയുടെ ഭാവിയെക്കുറിച്ചുള്ള കാഴ്ചപ്പാടുകൾ.
10. വ്യക്തിയുടെ സാമ്പത്തിക സാമൂഹികഇടപാടുകളും അവ പങ്കുവയ്ക്കാനുള്ള മനോഭാവങ്ങളും.
11. വ്യക്തിയുടെ ലൈംഗികശേഷി. (ഇത് വീട്ടുകാർ വ്യക്തിയുടെ മാതാപിതാക്കളോടു ചോദിച്ചു മനസ്സിലാക്കുകയോ നേരിട്ടു ചോദിച്ച് അറിയുകയോ ചെയ്യാം. ഇതിനായി ലൈംഗികപരീക്ഷണങ്ങൾ നടത്തേണ്ടതില്ല.)

- പങ്കാളിയെ തിരഞ്ഞെടുക്കുന്നതിനുമുമ്പു പല വട്ടം ആലോചിക്കുകയും വിശ്വസ്തരോട് അഭിപ്രായം ആരായുകയും ചെയ്യുക.
- പങ്കാളിയിൽനിന്ന് ഏതെങ്കിലും തരത്തിലുള്ള അസ്വാഭാവികത പ്രകടമായാൽ സസൂക്ഷ്മം നിരീക്ഷിക്കുകയും വേണ്ട നടപടികൾ എത്രയുംവേഗം എടുക്കുകയും ചെയ്യുക.
- അസ്വാഭാവികമായ ഏതെങ്കിലും കാര്യത്തെക്കുറിച്ചു പങ്കാളി സംസാരിക്കുകയോ അതു ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്താൽ വിദഗ്ധാഭിപ്രായം തേടുക.
- പങ്കാളിയിലുള്ള പ്രശ്നങ്ങളെ ശാസ്ത്രീയമായി വിശകലനം ചെയ്യാൻ ശ്രദ്ധിക്കണം. വൈകാരികമായ സമീപനം പ്രശ്നം എന്തുതന്നെയാണെങ്കിലും അതിനെ സങ്കീർണമാക്കും.

സ്രഷ്ടാവ് മനുഷ്യനു ബുദ്ധി നൽകിയിരിക്കുന്നത് രഘുവിനെപ്പോലെ കെണികളിൽ അകപ്പെടാനല്ല; മറിച്ച്, പ്രശ്നങ്ങളെ അതിജീവിച്ച് ജീവിതവിജയം നേടാനാണ്. നമുക്കേവർക്കും സ്രഷ്ടാവിൽനിന്നു ലഭിച്ചിരിക്കുന്ന ജീവിതമാകുന്ന ദാനത്തെ പരിരക്ഷിക്കാനും പരിപോഷിപ്പിക്കാനുമുള്ള കടമയുണ്ട്. നമ്മുടെ ജീവനെ നശിപ്പിക്കാൻ നാം തന്നെ തീരുമാനിക്കാതെ മറ്റാർക്കും സാധിക്കില്ല. ഈ ബോധ്യത്തോടെ നമുക്കു മുന്നേറാം.

■

10 ഇസ്രയേലിന്റെ വഴികളിലൂടെ

# തിബേരിയൂസ് മുതൽ നീറോ വരെ



തോമസ് കുഴിഞ്ഞാലിൽ

തിബേരിയൂസ് സീസറിന്റെ ഭരണകാലംമുതൽ നീറോയുടെ മരണം വരെയുള്ള അര നൂറ്റാണ്ടിലേറെക്കാലം യഹൂദജനവും ആദിമക്രൈസ്തവസമൂഹവും അനുഭവിക്കേണ്ടിവന്ന നരകയാതനകൾ വർണനാതീതമാണ്.

അഗസ്റ്റസ് സീസറിനുശേഷമുള്ള ജൂലിയോ - ക്ലാവുദിയൻ വംശത്തിലെ നാലു ചക്രവർത്തിമാരും ഏകദൈവവിശ്വാസികളായ യഹൂദരെയും ക്രൈസ്തവരെയും നിർദയം വേട്ടയാടുകയായിരുന്നു.

റോമൻദേവന്മാരെയും ദേവതകളെയുംമാത്രമല്ല, തങ്ങളെയും ദൈവങ്ങളായി ആരാധിക്കണമെന്ന ചക്രവർത്തിമാരുടെ കല്പനകൾ അനുസരിക്കാത്തത് കൊടിയ മതപീഡനങ്ങളിലേക്കാണു നയിച്ചത്.

അഗസ്റ്റസ് സീസറിന്റെ മരണശേഷം അധികാരമേറ്റ തിബേരിയൂസ് സീസർ എ ഡി 19 ൽ റോമിലെ യഹൂദരെ മുഴുവൻ നഗരത്തിൽനിന്നു പുറത്താക്കി. യഹൂദരുടെ വിചിത്രമായ ആചാരാനുഷ്ഠാനങ്ങൾ കൈവെടിയുംവരെ നഗരത്തിൽ പ്രവേശിക്കരുതെന്നായിരുന്നു ചക്രവർത്തിയുടെ ഉഗ്രശാസനം.

യേശുക്രിസ്തുവിന്റെ കുരിശുമരണത്തെക്കുറിച്ചു ചക്രവർത്തി അറിഞ്ഞിരുന്നില്ലെങ്കിലും, യേശു മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റുവെന്ന വാർത്ത യൂദയാ ഗവർണറായിരുന്ന പോന്തിയോസ് പീലാത്തോസും ഹേറോദ് അഗ്രിപ്പാ രാജാവും അദ്ദേഹത്തെ അറിയിച്ചിരുന്നതായി കരുതപ്പെടുന്നുണ്ട്. ഭൂമിയിലായിരുന്നപ്പോൾ യേശു ചെയ്ത അദ്ഭുതകൃത്യങ്ങളും മരണശേഷമുള്ള ഉയിർപ്പും വിശ്വസിച്ച് യേശുവിനെ ദേവതുല്യനായി കാണണമെന്നാവശ്യപ്പെട്ട് തിബേരിയൂസ് സീസർ റോമൻസെനറ്റിനു നല്കിയ ശിപാർശ നിരസിക്കപ്പെടുകയായിരുന്നു. റോമിന്റെ അധികാരത്തെ ചോദ്യം ചെയ്യാത്തിടത്തോളംകാലം ക്രിസ്തുവിന്റെ അനുയായികളെ ഉപദ്രവിക്കേണ്ടതില്ലെന്ന തീരുമാനമാണ് സെനറ്റു സ്വീകരിച്ചത്. പിന്നീടുള്ള 300 വർഷക്കാലത്തേക്കു നിയമസാധുത ഉണ്ടായിരുന്നില്ലെങ്കിലും, റോമാസാമ്രാജ്യത്തിൽ ക്രിസ്തുമതത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ചയ്ക്ക് ഈ തീരുമാനം നിമിത്തമായി.

തിബേരിയൂസ് സീസറിന്റെ മരണശേഷം എ ഡി 37-ൽ അധികാരമേറ്റ 25 കാരനായ കലിഗുല, ലോകചരിത്രത്തിലെ ഏറ്റവും നിഷ്ഠുരനായ റോമൻ ചക്രവർത്തിയായിരുന്നു. അധികാരമേറ്റു മാസങ്ങൾ തികയുംമുമ്പ് തന്റെ നാമത്തിൽ ക്ഷേത്രങ്ങൾ നിർമിക്കണമെന്നും, തന്നെ ദൈവമായി ആരാധിക്കണമെന്നും ചക്രവർത്തി കല്പന പുറപ്പെടുവിച്ചു. യഹൂദജനം പരിപാവനമായി കരുതിയിരുന്ന ജറുസലെംദൈവാലയത്തിൽ തന്റെ പ്രതിമ സ്ഥാപിക്കാനുള്ള കലിഗുലയുടെ തീരുമാനം കടുത്ത എതിർപ്പിനെത്തുടർന്നു മാറ്റിവയ്ക്കുകയായിരുന്നു. യഹോവയെ അല്ലാതെ മറ്റൊരു ദൈവത്തെ ആരാധിക്കുകയില്ലെന്ന നിലപാടിൽ ഉറച്ചുനിന്ന യഹൂദരെയെല്ലാം കലിഗുല വാളിനിരയാക്കി. തന്റെ സിംഹാസനത്തിനു ഭീഷണിയാകുമെന്നു സംശയിച്ച് അടുത്ത ബന്ധുക്കളെയും ഏതാനും സെനറ്റർമാരെയും കലിഗുല കൊന്നൊടുക്കി. ഒടുവിൽ, സൈനികരിൽ ചിലർ സംഘം ചേർന്ന് ചക്രവർത്തിയെ കുത്തിക്കൊലപ്പെടുത്തിയാണ് നാലു വർഷത്തെ കിരാതഭരണത്തിന് അന്ത്യം കുറിച്ചത്.

കലിഗുലയുടെ പിതൃസഹോദരനായ ക്ലാവുദിയൂസ് ആയിരുന്നു അയാളുടെ പിൻഗാമി. എ ഡി 41-ൽ ചക്രവർത്തിയായി സ്ഥാനമേറ്റ ക്ലാവുദിയൂസ് സീസർ, യഹൂദരോടും ക്രൈസ്തവരോടും മൃദുസമീപനം പുലർത്തി. യഹൂദമതത്തിനു റോമാസാമ്രാജ്യത്തിൽ നിയമസാധുത ഉണ്ടായിരുന്നതിനാൽ അവരുടെ പരമ്പരാഗത ആചാരാനുഷ്ഠാനങ്ങൾ വിഘ്നംകൂടാതെ തുടരാൻ ചക്രവർത്തി അനുമതി നല്കി. ചക്രവർത്തിയെ ദൈവമായി ആരാധിക്കണമെന്ന നിബന്ധനയിലും ഇളവുണ്ടായിരുന്നു. സൈന്യത്തിലും പൊലീസിലും ചേരുന്നതിൽനിന്നു യഹൂദയുവാക്കളെ ഒഴിവാക്കുകയും, ജനത്തിൽനിന്നു പിരിച്ചെടുക്കുന്ന ചുങ്കം ദൈവാലയനടത്തിപ്പിനായി ഉപയോഗിക്കുന്നതിനുള്ള സ്വാതന്ത്ര്യവുമുണ്ടായിരുന്നു.

എ ഡി 42 നോടടുത്ത് റോമിലെത്തിയെന്നു കരുതപ്പെടുന്ന അപ്പസ്തോലപ്രമുഖനായ പത്രോസ്, സുവിശേഷത്തിന്റെ സദ്വാർത്ത അറിയിച്ചുകൊണ്ട് 25 വർഷത്തോളം നഗരത്തിൽ ചുറ്റി സഞ്ചരിച്ചു. യഹൂദർ കുരിശിൽ തറച്ചുകൊന്ന യേശുക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റുവെന്ന യാഥാർഥ്യമായിരുന്നു പത്രോസിന്റെ പ്രസംഗങ്ങളിൽ ഊന്നിപ്പറഞ്ഞത്. ജറുസലെമിനു പുറത്തുള്ള പട്ടണങ്ങളിൽ സുവിശേഷം പ്രഘോഷിച്ച മറ്റ് അപ്പസ്തോലന്മാരും ഇതുതന്നെയാണു ചെയ്തത്.

ക്രിസ്തുശിഷ്യരുടെ അഭൂതപൂർവമായ വളർച്ച റോമൻഭരണാധികാരികൾ സംശയദൃഷ്ടിയോടെയാണു വീക്ഷിച്ചത്. 'അന്ധവിശ്വാസികളായ ക്രിസ്ത്യാനികൾ' അത്യന്തം അപകടകാരികളാകുമെന്നായിരുന്നു റോമാക്കാരുടെ ഭയം. യേശുവിനെ ഒരു കലാപകാരിയും, അവന്റെ അനുയായികളെ പ്രശ്നക്കാരുമായിമാത്രമേ റോമാക്കാർക്കു സങ്കല്പിക്കാനാകുമായിരുന്നുള്ളൂ. യേശുവിന്റെ നാമത്തിൽ സ്നാനം സ്വീകരിച്ചവരിൽ ഭൂരിഭാഗവും യഹൂദരായിരുന്നതിനാൽ, നഗരത്തിലെ മുഴുവൻ യഹൂദരെയും അവിടെനിന്ന് ഒഴിപ്പിക്കുന്നതിനുള്ള ഒരു കല്പന ക്ലാവുദിയൂസ് സീസർ പുറപ്പെടുവിച്ചു. എ ഡി 49 ൽ നടന്ന ഈ കൂട്ട ഒഴിപ്പിക്കലിനെക്കുറിച്ചു വിശുദ്ധഗ്രന്ഥത്തിൽ സൂചനയുണ്ട്: പൗലോസ് പോന്തസുകാരനായ അക്വീലാ എന്ന ഒരു യഹൂദനെ കോറിന്തോസിൽ വച്ചു കണ്ടുമുട്ടി. അവൻ തന്റെ ഭാര്യയായ പ്രിഷില്ലയോടൊപ്പം ആയിടെ ഇറ്റലിയിൽനിന്ന് എത്തിയതേ ഉണ്ടായിരുന്നുള്ളൂ. എന്തെന്നാൽ, എല്ലാ യഹൂദരും റോമാ വിട്ടുകൊള്ളണമെന്ന് ക്ലാവുദിയൂസിന്റെ കല്പനയുണ്ടായിരുന്നു (അപ്പ പ്രവ 18:1-2). ക്ലാവുദിയൂസിന്റെ മരണം വരെ യഹൂദർക്കോ ക്രിസ്ത്യാനികൾക്കോ നഗരത്തിൽ പ്രവേശിക്കാനാകുമായിരുന്നില്ല. 'റോം കത്തിയമർന്നപ്പോൾ വീണ വായിച്ചിരുന്നു' എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള നീറോയുടെ ഭരണം തുടങ്ങുന്ന എ ഡി 54-ൽ മാത്രമേ നഗരത്തിൽനിന്നു പുറത്താക്കപ്പെട്ടവർക്കു മടങ്ങിവരാനായുള്ളൂ.

**റോമാനഗരം കത്തിയമരുന്നു**

ഏറ്റവും നീചനും നിഷ്ഠൂരനും ക്രൂരനുമായ ഒരു ഭരണാധികാരിയുടെ അടുത്തേക്കാണ് ബലിയാടുകളെപ്പോലെ തങ്ങൾ മടങ്ങിപ്പോവുന്നതെന്ന് അറിയാതെയാണ് യഹൂദരും ക്രിസ്ത്യാനികളും റോമിലേക്കു തിരിച്ചെത്തിയത്.

എ ഡി 60 ൽ പൗലോസ് അപ്പസ്തോലൻ റോമിലെത്തിയത് അവിടത്തെ ക്രിസ്ത്യാനികൾക്ക് കൂടുതൽ കരുത്തുപകരുകയും ചെയ്തു. പ്രധാന പുരോഹിതനായ അനനിയാസും ജനപ്രമാണികളും തന്റെമേൽ ചുമത്തിയ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്നുകാണിച്ച് സീസറിനു നിവേദനം സമർപ്പിക്കാനായി എത്തിയതായിരുന്നു പൗലോസ്. ചക്രവർത്തിക്കു ബലിയർപ്പിക്കുന്നതിനെയും പൂജിക്കുന്നതിനെയും റോമൻ ദേവന്മാരുടെ വിഗ്രഹങ്ങളെ ആരാധിക്കുന്നതിനെയും വിമർശിച്ച് പൗലോസ് നടത്തിയ പ്രസംഗങ്ങൾ നീറോയെ അലോസരപ്പെടുത്തുകയും ചെയ്തിരുന്നു.



റോമാനഗരം കത്തിയെരിയുന്നതിന്റെ ദൃശ്യം

അങ്ങനെയിരിക്കെയാണ് റോമാനഗരത്തെ വിഴുങ്ങിയ എ ഡി 64-ലെ കുപ്രസിദ്ധമായ തീപിടുത്തം. നഗരം കത്തിച്ചാമ്പലാകുന്നതുകണ്ട് മതിമറന്നാഹ്ലാദിച്ച നീറോ വീണ വായിച്ചുകൊണ്ടു മട്ടുപ്പാവിലിരിക്കുകയായിരുന്നുവെന്നാണ് പിന്നാമ്പുറ കഥ. തനിക്കുവേണ്ടി ഒരു പുതിയ കൊട്ടാരം നിർമിക്കാനുള്ള ഉദ്ദേശ്യത്തോടെ തീ കൊളുത്തിയതു നീറോയാണെന്ന പരാതി ഉയർന്നതോടെ ആരോപണം മുഴുവൻ ക്രിസ്ത്യാനികളുടെമേൽ ചുമത്തി റോമാസാമ്രാജ്യം കണ്ട ഏറ്റവും വലിയ മതപീഡനത്തിനു തുടക്കമിടുകയായിരുന്നു. രാഷ്ട്രീയ അനിശ്ചിതത്വത്തിലും താറുമാറായ സാമ്പത്തികസ്ഥിതിയിലും പൊറുതിമുട്ടിയ ജനങ്ങളുടെ എതിർപ്പിൽനിന്നു രക്ഷപ്പെടാനുള്ള ഒരവസരമായി നീറോ ഈ തീപിടുത്തത്തെ മാറ്റിയെടുത്തു. ക്രിസ്തുമതവിശ്വാസികളെല്ലാം ഒറ്റയ്ക്കും കൂട്ടായും ആക്രമിക്കപ്പെട്ടു. കണ്ണിൽ കണ്ടവരെയെല്ലാം വെട്ടിവീഴ്ത്തി. മനുഷ്യരെ മൃഗങ്ങളുടെ തോലുകൾ ധരിപ്പിച്ചശേഷം വേട്ടപ്പട്ടികൾക്കു എറിഞ്ഞുകൊടുത്തു. മറ്റു ചിലരെ കുരിശിൽ തറച്ചുകൊന്നു. രാത്രികാലങ്ങളിൽ തെരുവുകളിൽ വെളിച്ചം കിട്ടാൻ മനുഷ്യരെ കമ്പുകളിൽ കുത്തിനിർത്തി ടാർ ഒഴിച്ചു കത്തിച്ച് പന്തങ്ങളാക്കി മാറ്റിയതായും ചരിത്രത്തിലുണ്ട്. റോമാനഗരത്തിലെ പതിന്നാലു ജില്ലകളിൽ പത്തെണ്ണവും വെന്തു വെണ്ണീറായി. ആറു ദിവസത്തെ ഭഗീരഥപ്രയത്നംകൊണ്ടാണ് നഗരത്തിലെ തീയണച്ചത്. സഭാതലവനായ പത്രോസും വിജാതീയ അപ്പസ്തോലനായ പൗലോസും റോമിൽവച്ച് രക്തസാക്ഷികളായത് നീറോയുടെ ഭരണകാലത്താണ്.

ബി സി 63 മുതലുള്ള ഒരു നൂറ്റാണ്ടിലേറെക്കാലത്തെ റോമൻ ഭരണത്തിൽ പൊറുതിമുട്ടിയ ഇസ്രയേൽ ജനം റോമാസാമ്രാജ്യത്തിനെതിരേ ഉയർത്തിയ കലാപവും വലിയ ദുരന്തത്തിലേക്കാണ് അവരെ കൊണ്ടെത്തിച്ചത്. അജ്ഞാതനായ ഏതോ ഒരു വ്യക്തി ഒരു പാത്രംനിറയെ മൂത്രം യൂദയായിലെ ഒരു സിനഗോഗിന്റെ പടിവാതിൽക്കൽ ഒഴിച്ച് വിശുദ്ധസ്ഥലം മലിനമാക്കിയതാണ് പെട്ടെന്നുണ്ടായ പ്രകോപനത്തിനു കാരണം. ഇതിനെതിരേ യൂദയായിൽ തുടക്കമിട്ട എ ഡി 66 ലെ യഹൂദകലാപം അമർച്ച ചെയ്യാൻ റോമൻ ജനറലായ വെസ്പാസിയനെയാണ് നീറോ നിയോഗിച്ചത്. യൂദയായുടെ ഗവർണർ സ്ഥാനവും വെസ്പാസിയനു നൽകി ചക്രവർത്തി ഉത്തരവിറക്കി.

(തുടരും)

## വിശ്വസ്ത സുഹൃത്തുക്കൾ

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

അവന് ഒട്ടേറെ പരിചയക്കാരുണ്ട്. അവരിൽനിന്നു വിശ്വസ്തസുഹൃത്തുക്കളെ എങ്ങനെ കണ്ടെത്താം എന്നതായിരുന്നു അവന്റെ പ്രശ്നം.

അത് എളുപ്പമല്ലേ? സാമാന്യം ഭേദപ്പെട്ട ഒരു തുക കടം ചോദിച്ചാൽ മതി. ഒട്ടുമിക്കവരും ഒഴിഞ്ഞുമാറും. അല്ലെങ്കിൽ, കടം കൊടുത്താലും മതി. ഏറെക്കുറെ എല്ലാവരും ഒളിഞ്ഞു നടക്കും.



അങ്ങനെയല്ലാത്തവരെ വിശ്വസ്തസുഹൃത്തുക്കളായി ഗണിക്കാം. പണം ആളെക്കൊല്ലി മാത്രമല്ല, ആളെത്തൂക്കിനോക്കിയുമാണല്ലോ!

# തങ്കമണിയിൽ എന്താണു സംഭവിച്ചത്?




"**പെ**ണ്ണിന്റെ പേരല്ല, വെന്ത നാടിന്റെ പേരല്ലോ തങ്കമണി."

ശരിയാണ്, വെന്ത നാടിന്റെ പേരാണ് തങ്കമണി. അതുകൊണ്ടുതന്നെയാണു മൂന്നരപ്പതിറ്റാണ്ടു പിന്നിട്ടിട്ടും തങ്കമണിയെക്കുറിച്ചുള്ള ഓർമകൾ ഒരു നോവായി മലയാളികളുടെ മനസ്സിലുള്ളത്. 1986 ൽ തങ്കമണി സംഭവം അരങ്ങേറുമ്പോൾ കൊച്ചുകുട്ടികളായിരുന്നവർ ഇപ്പോൾ മധ്യവയസ്സിലെത്തിയിട്ടുണ്ട്. മുതിർന്നവർ വാർധക്യത്തിലും. ഈ തലമുറയ്ക്കൊന്നും തങ്കമണിയെ മറക്കാനാവില്ല. ഇന്നത്തേതുപോലെ പത്രമാധ്യമങ്ങളും ചാനലുകളും വ്യാപകമല്ലാതിരുന്ന അക്കാലത്തും തങ്കമണിസംഭവത്തെക്കുറിച്ചുള്ള റിപ്പോർട്ടുകളും ചിത്രങ്ങളും പലരുടെയും മനസ്സിലുണ്ടാവും. മുറിവുണങ്ങാത്ത ഈ ഓർമകളാണു തങ്കമണിസംഭവത്തെ ആസ്പദമാക്കി സിനിമവരുന്നുവെന്നു കേട്ടനാൾമുതൽ ഈ തലമുറ ആകാംക്ഷയോടെ കാത്തിരുന്നതിനു കാരണം. പക്ഷേ, ഈ ആകാംക്ഷകളെയും ചരിത്രത്തോടു നീതി പുലർത്തുമെന്ന പ്രതീക്ഷകളെയും അമ്പേ തകർത്തുകൊണ്ടുള്ള ഒരു ചലച്ചിത്രാഭാസമാണ് രതീഷ് രഘുനന്ദൻ - ദീലിപ് ടീമിന്റെ തങ്കമണി എന്ന സിനിമയെന്നാണ് ഇതേക്കുറിച്ച് ഒറ്റവാക്കിൽ പറയാനുള്ളത്.

ഇടുക്കിപോലെയുള്ള ഒരു അവികസിതപ്രദേശത്ത്, കഥ നടക്കുന്ന 1986 ൽ, അന്ന് പത്തുമുപ്പതുവയസ്സുള്ള ഒരു ചെറുപ്പക്കാരൻ, ആബേൽ ജോഷ്വാ മാത്തൻ എന്നൊക്കെയുള്ള കിടുക്കാച്ചിപേരുണ്ടാവുമെന്നു സാമാന്യബുദ്ധിക്കുപോലും നിരക്കുന്ന കാര്യമാണെന്നു തോന്നുന്നില്ല. വല്ല ജോണിയെന്നോ റോയിയെന്നോ മാത്തുക്കുട്ടിയെന്നോ ഒക്കെ പേരുവരാനാണു സാധ്യത. പക്ഷേ, അവിടെയാണു തിരക്കഥാകൃത്തും സംവിധായകനുമായ രതീഷ്, നായകന് ഈ പേരു നല്കിയിരിക്കുന്നത്. കഥാപാത്രത്തിന്റെ ഈ പേരിൽ തുടങ്ങുന്നു ഈ സിനിമയുടെ കൃത്രിമത്വവും അവാസ്തവികതയും.

ഒരു സാദാ ക്ലീഷേ പ്രതികാരകഥ പറയാൻ ഒരു ജനതയുടെ വൈകാരികതയും ദുരന്തവും മറയാക്കുകയും അതിന്റെ പേരിൽ കച്ചവടം നടത്താൻ ശ്രമിക്കുകയും ചെയ്തു എന്നതാണ് തങ്കമണിസിനിമയുടെ അണിയറക്കാർ ചെയ്ത തെറ്റ്. ഇതു തങ്കമണിയുടെ കഥയല്ല, ദിലീപിനെ മാസ് നായകനാക്കാൻ ശ്രമിക്കുന്ന ഒരു മസാല ക്കൂട്ടുസിനിമയാണ് എന്നതാണ് രണ്ടാമതായി പറയാനുള്ളത്. പക്ഷേ, എന്തുചെയ്യാം ചീറ്റിപ്പോയി! ഡോൺ കളിക്കുന്ന പല ദിലീപ്സിനിമകളുമുണ്ട്. ഡോൺ എന്ന പേരിൽത്തന്നെയുള്ള സിനിമയുൾപ്പടെ. പക്ഷേ, അവിടെയൊന്നും ദിലീപ് ശോഭിച്ചിട്ടില്ല, പ്രസ്തുത സിനിമകളും. എന്നിട്ടും വീണ്ടും വീണ്ടും തന്നിലുള്ള ഡോൺഭാവത്തെ സംതൃപ്തമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതിന്റെ ഭാഗമാണ് തുടർച്ചയായ ഇത്തരം വേഷങ്ങൾ.

ഇതിനുമുമ്പു പുറത്തിറങ്ങിയ ദിലീപ്ചിത്രമായ ബാന്ദ്രയും തങ്കമണിയും ഒരേ അച്ചിൽ വാർത്ത സിനിമകളാണ്. ബാന്ദ്രയും യഥാർഥസംഭവത്തോടു സാമ്യമുള്ള സിനിമയാണെന്നായിരുന്നു പബ്ലിസിറ്റി. തങ്കമണിയുടെ കാര്യം പിന്നെ പറയേണ്ടതുമില്ല. പക്ഷേ, രണ്ടിടത്തുമുള്ളത് എന്താണെന്നു രണ്ടു സിനിമയും കണ്ടവർക്കറിയാം. പണ്ടുമുതൽക്കേയുള്ള ദിലീപ്ചിത്രങ്ങളിലെ പ്രതികാരം. ആ കഥാപാത്രങ്ങളുടെ വീരരക്ഷകപരിവേഷം. ബാന്ദ്രയുടെ അവസാനഭാഗത്ത് അധോലോകനായകനായി പ്രത്യക്ഷപ്പെടുന്ന കഥാപാത്രത്തിന്റെ അതേ കോസ്റ്റ്യൂമും മേക്കോവറുംതന്നെയാണ് തങ്കമണിയിലും ദിലീപിന്റെ മുഴുവൻ കോസ്റ്റ്യൂമും മേക്കോവറുമെന്നു നിരീക്ഷിച്ചാൽ മനസ്സിലാവുന്നതേയുള്ളൂ. ബാന്ദ്രയിലേത് യഥാർഥസംഭവമെന്ന് അവകാശപ്പെടുന്നത് ഒറ്റപ്പെട്ട ഒരു സംഭവമായതുകൊണ്ടും അതേക്കുറിച്ചു ഭൂരിപക്ഷം മലയാളികളും വേണ്ടത്രബോധവാന്മാരല്ലാത്തതുകൊണ്ടും സിനിമയുടെ ആനുകൂല്യമെന്ന നിലയിൽ അതിലെ വീഴ്ചകളോട് നമുക്ക് ഉദാരരാവാം. പക്ഷേ, തങ്കമണി അങ്ങനെയല്ല. അതുകൊണ്ടുതന്നെ ഈ സിനിമയോടു തങ്കമണിക്കാർ ക്ഷമിക്കുമോയെന്നു കണ്ടറിയണം.

തങ്കമണിസംഭവം നടന്ന് ഒരു വർഷത്തിനുള്ളിൽത്തന്നെ ഇതേ വിഷയവും സാങ്കല്പികകഥയും ചേർത്ത് ഒരു സിനിമ ഇറങ്ങിയിരുന്നു: കച്ചവടസിനിമക്കാരൻ എന്ന് അറിയപ്പെടുന്നതിൽ യാതൊരു മാനക്കേടും ഇല്ലാത്ത പി.ജി. വിശ്വംഭരൻ സംവിധാനം ചെയ്ത 'ഇതാ സമയമായി'. ഈ സിനിമ രതീഷും ദിലീപും റഫർ ചെയ്തിട്ടുണ്ടാവും. 'ഇതാ സമയമായി' എന്നതിൽനിന്ന് 'തങ്കമണി'യിലെത്തുമ്പോൾ 'ഇതാ സമയമായി' എത്രയോ ഭേദപ്പെട്ട ശ്രമമായിരുന്നുവെന്നാണ് ഇപ്പോൾ തോന്നുന്നത്. ഫ്ളാഷ്ബായ്ക്ക് ഗിമ്മിക്കുകളും വീരേതിഹാസങ്ങളും ഇല്ലാതെ മനുഷ്യരുടെ വേദനകളും നിസ്സഹായതകളും അന്നത്തെ കാലഘട്ടത്തിനനുസൃതമായി ആ സിനിമ പറഞ്ഞിരുന്നു. യഥാർഥ സംഭവത്തിലെ ഫാ. ജോസ് കോട്ടൂർപോലെയുള്ള പല കഥാപാത്രങ്ങളെയും ഇതാ സമയമായിയിൽ അവതരിപ്പിച്ചിരുന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനെയും. പക്ഷേ, ആ സിനിമ സാമ്പത്തികവിജയം കൈവരിച്ചിരുന്നില്ല.

രണ്ടു സിനിമയിലും ഒരു ബസും നാട്ടുകാരും ചേർന്നുള്ള സംഘർഷങ്ങളും പോലീസ് ഇടപെടലും തുടർന്ന് പോലീസ് തേർവാഴ്ചയും അവതരിപ്പിച്ചിട്ടുണ്ട്. ഈ ബാഹ്യചട്ടക്കൂട്ടിലേക്കു വിശ്വംഭരനും രതീഷും തങ്ങളുടേതായ കഥാപാത്രങ്ങളെ തിരുകിക്കയറ്റി ഓരോ സിനിമകൾ പടച്ചുവിട്ടിരിക്കുന്നു. അവിടെ തങ്കമണി എന്ന ഗ്രാമം പശ്ചാത്തലമായി നില്ക്കുന്നുവെന്നല്ലാതെ തങ്കമണിക്കാരുടെ ജീവിതം കാണാൻ കഴിയുന്നതേയില്ല.

തങ്കമണി എന്ന സിനിമയെ അംഗീകരിക്കാൻ കഴിയുന്ന ഒരേയൊരു പോയിന്റുകൂടി പരാമർശിച്ചുകൊണ്ട് ഈ കുറിപ്പ് പൂർത്തിയാക്കാം. അപമാനംകൊണ്ടു തലകുനിക്കേണ്ടിവന്നിട്ടുള്ളവരാണു തങ്കമണിക്കാർ. തങ്കമണിയിലെ പെൺകുട്ടികൾക്കു ജീവിതം നഷ്ടപ്പെട്ടതിന്റെയും ആണുങ്ങൾക്കു പെണ്ണു കിട്ടാനില്ലാതായതിന്റെയും നോവുന്ന കഥകൾ ഇന്നും തങ്കമണിക്കാർക്കു പറയാനുണ്ട്. തങ്കമണിയിൽ നടന്ന ബലാത്സംഗങ്ങൾ സാമാന്യവത്കരിക്കപ്പെട്ടത് രാഷ്ട്രീയപ്രേരിതമായിരുന്നുവെന്നും ഒന്നോ രണ്ടോ സംഭവങ്ങൾ മാത്രമേ അത്തരത്തിൽ നടന്നിട്ടുള്ളൂവെന്നും അവയെ കാടടച്ചു വെടിവച്ചത് പ്രതിപക്ഷത്തിന്റെ വോട്ടുബാങ്കിന്റെ ഭാഗമായിരുന്നുവെന്നുമാണു ചിത്രം പറയുന്നത്. അങ്ങനെയാണെങ്കിൽ ഈ വെളിപ്പെടുത്തൽ തങ്കമണിക്കു നല്കുന്ന സമാധാനം എത്രയോ അധികമാണ്. വർഷങ്ങളായി തങ്ങളുടെ മേൽ കളങ്കപ്പെട്ടുകിടന്നിരുന്ന ആ ആരോപണങ്ങളിൽനിന്ന് അവർക്കു മോചനം കിട്ടുമെങ്കിൽ, വേണ്ട ആശ്വാസമെങ്കിലും കിട്ടുമെങ്കിൽ അതു നിസാര കാര്യവുമല്ല.






ഇന്നും ജീവിച്ചിരിക്കുന്ന അത്തരക്കാരുടെ കാഴ്ചയിലേക്കാണു തങ്കമണിയെ അവതരിപ്പിച്ചിരിക്കുന്നത്. പക്ഷേ, അതെത്രത്തോളം ജീവിതത്തോടു ചേർന്നുനില്ക്കുന്നുണ്ടെന്നു സാക്ഷ്യപ്പെടുത്താൻ യോഗ്യർ അവർ മാത്രമാണ്. ഈ സിനിമ കണ്ടിറങ്ങുമ്പോൾ ഏതെങ്കിലും ഒരു കഥാപാത്രം മനസ്സിൽ നിറഞ്ഞുനില്ക്കുമോ? അവരുടെ വേദന നമ്മുടെ വേദനയായി തോന്നുമോ? ഒരിക്കലുമില്ല. അതുതന്നെയാണു ചിത്രത്തിന്റെ പരാജയം.

സിനിമയുടെ അവസാനഭാഗത്ത് അവകാശപ്പെടുന്നതു നീതി നിഷേധിക്കപ്പെടുന്ന ഇരകൾക്കുവേണ്ടിയുള്ള സമർപ്പണചിത്രമാണ് ഇതെന്നാണ്.

ശരിയാണ്, ഈ ലോകാരംഭംമുതൽ പലരീതിയിലും പലയിടങ്ങളിലും ആളുകൾക്കു നീതി ലഭിക്കാതെ പോകുന്നുണ്ട്. അത്തരം നീതിനിഷേധങ്ങളെ ഉദാഹരിക്കാൻ യഥാർഥമായ സംഭവങ്ങളെ അവലംബമാക്കി കഥ പറയുമ്പോൾ കാലഘട്ടത്തോടും അതിന്റെ ഇരകളായവരോടും ഒരു പരിധിവരെ നീതി പുലർത്തേണ്ടേ? പക്ഷേ, അങ്ങനെയൊന്ന് ഇവിടെ സംഭവിക്കുന്നില്ല. അതുകൊണ്ടുതന്നെ ഇതു മുറിവുണക്കുന്ന സിനിമയല്ല ഉണങ്ങാത്ത മുറിവുമായി ജീവിക്കുന്ന ഒരു ജനതയുടെ മുറിവ് മാന്തിക്കീറുന്ന സിനിമയാണ്. വീണ്ടും പൊതുസമൂഹത്തിനുമുമ്പിൽ മാന്തിക്കീറാനായി ഒരു ചരിത്രത്തെ വലിച്ചെറിഞ്ഞിട്ടുകൊടുക്കുകയാണ്. നിരപരാധികളും നിസ്സഹായരുമായ ഒരു സമൂഹത്തെ കല്ലെറിയാനായി വീണ്ടും വിട്ടുകൊടുക്കുകയാണ്.

Deepanalam Weekly

RNI No : 16998/68
Vol. 57 No. 6 Date of Publication 11 April 2024
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment

# മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് (M.I.S.I)

## യുവതികൾക്കു സ്വാഗതം



ഭൗതികതയുടെയും സുഖലോലുപതയുടെയും ഈ കാലഘട്ടത്തിൽ ജീവിതത്തിന്റെ വെല്ലുവിളികളെ ധീരതയോടെ ഏറ്റെടുത്തുകൊണ്ട് ലോകത്തിൽ ഒരു പുളിമാവായി വർത്തിക്കാൻ സഹോദരിക്കു കഴിയുമോ? എങ്കിൽ... ഹൃദയപൂർവം നിന്നെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

നിരന്തരം മാറ്റങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിലെ ഏറ്റവും പുതിയ സമർപ്പിതസമൂഹമാണ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകൾ. 1962 ൽ റവ. ഫാ. അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ പാലായിൽ സ്ഥാപിച്ചതാണ് ഈ സമൂഹം. പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലായി ഏഴു ഭവനങ്ങൾ ഈ സമൂഹത്തിനുണ്ട്.

അധ്യാപനം, ആതുരശുശ്രൂഷ, ഭവനസന്ദർശനം, ജയിൽപ്രേഷിതത്വം, ഇടവകപ്രവർത്തനങ്ങൾ, ഹോസ്റ്റൽ തുടങ്ങിയവയാണ് പ്രധാന പ്രവർത്തനമേഖലകൾ. വിവിധ പ്രേഷിതപ്രവർത്തനമേഖലകളിലൂടെ ക്രിസ്തീയമൂല്യങ്ങളും ആധ്യാത്മികതയും പടുത്തുയർത്താൻ കാല–ദേശ–സംസ്കാരങ്ങൾക്കു ചേർന്ന വേഷവിധാനങ്ങളോടെ സ്നേഹത്തിന്റെയും സേവനത്തിന്റെയും വിനയത്തിന്റെയും വിശുദ്ധിയുടെയും സന്ദേശം പകർന്നുനൽകുകയാണ് കർത്താവിന്റെ ഈ ദാസിമാർ.

ഈ സമൂഹത്തിൽ ചേരാൻ താത്പര്യമുള്ള 35 ൽ താഴെ പ്രായമുള്ള എസ്.എസ്.എൽ.സിയോ, +2 വോ വിദ്യാഭ്യാസയോഗ്യതയുള്ള യുവതികൾ താഴെക്കാണുന്ന അഡ്രസിൽ ഉടൻ ബന്ധപ്പെടുക

**Vocation Promoter**
**MARY IMMACULATE SECULAR INSTITUTE**
**Legion Home Generalate, Pala - 686 575**
**Ph : 04822-211268, 8590763319**

# വിശുദ്ധ അൽഫോൻസാ കുഞ്ഞനുജത്തിമാരെ ക്ഷണിക്കുന്നു

## ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹം അൽഫോൻസാ പ്രൊവിൻസ്, പാലാ



വിശുദ്ധ അൽഫോൻസാ
(1910 – 1946)

വിശുദ്ധ ഫ്രാൻസീസിന്റെയും വിശുദ്ധ ക്ലാരയുടെയും മാർഗത്തിൽ ചരിച്ച് വിശുദ്ധപദവിയിലെത്തിയ വിശുദ്ധ അൽഫോൻസാമ്മയെ അനുകരിച്ചു വിശുദ്ധിയിലേക്കു വളരാൻ തീവ്രമായി ആഗ്രഹിക്കുന്ന എസ്.എസ്.എൽ.സിയോ, +2 വോ ഉപരിപഠനമോ ഉള്ള കുഞ്ഞനുജത്തിമാർക്കു സ്വാഗതം.

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്ന്യാസിനീസമൂഹത്തിൽ ചേർന്ന് ഇടവകസേവനം, സുവിശേഷപ്രഘോഷണം, ആതുരശുശ്രൂഷ, വിദ്യാഭ്യാസം, സാമൂഹികക്ഷേമപ്രവർത്തനം, സാധുജനസംരക്ഷണം എന്നീ രംഗങ്ങളിലും കേരളത്തിനു വെളിയിൽ ശാന്തസുന്ദരമായ മേഘാലയമിഷനിലും വിദേശമിഷനായ ഇറ്റലി, ജർമനി എന്നിവിടങ്ങളിലും ദൈവരാജ്യവിസ്തൃതിക്കായി പ്രയത്നിക്കുവാൻ ഈശോ നിങ്ങളെ ക്ഷണിക്കുന്നു.

കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടുക

**Vocation Promoter**
**F.C.C. Alphonsa Province, Pala**
San Damiano, Puliyannoor P.O., Kottayam Dt., Kerala
Pin 686 573, Ph: 04822- 206019, 8281732475

## സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

KERALA'S NO.1 GOLD BUYER

SINCE 2005

23 ഷോറൂമുകൾ



നിങ്ങളുടെ സ്വർണ്ണം വിൽക്കുമ്പോൾ ഏറ്റവും ഉയർന്ന വില നൽകുന്നു

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഏറ്റവും ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ തൂക്കത്തിൽ കുറവു വരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.



**അച്ചായൻസ് ഗോൾഡ്** 916

**പാലാ**

എറണാകുളം | ചങ്ങനാശ്ശേരി | കോട്ടയം | ഏറ്റുമാനൂർ | ഉഴവൂർ | ചിങ്ങവനം | സംക്രാന്തി
കടുവാക്കുളം | കരിങ്കുന്നം | ചേർത്തല | കടുത്തുരുത്തി | തൊടുപുഴ

+91 9072 388 172 | +91 9847 113 429

അച്ചായൻസ് ഗോൾഡിൽ **പ്രവാസികൾക്കായി** പ്രത്യേക ആനുകൂല്യങ്ങൾ



വിദേശ പഠനം, ജോലി എന്നിവയ്ക്കായി സ്വർണ്ണം വിൽക്കുമ്പോൾ **ബ്രാൻഡഡ് ട്രോളി ബാഗ്** സമ്മാനമായി നൽകുന്നു.

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org